# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## വർക്കല മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.റ്റി.വി.എം.എം.എൽ/408/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 30/03/2026
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
വർക്കല മുനിസിപ്പാലിറ്റി

സർ,

വിഷയം : വർക്കല മുൻസിപ്പാലിറ്റിയുടെ **2024-2025** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വർക്കല മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
2) ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
3) ഓഫീസ് കോപ്പി.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.എം.എൽ/408/2026 തീയ്യതി: 30/03/2026

## തിരുവനന്തപുരം ജില്ലയിലെ വർക്കല മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വർക്കല മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതാപ്കുമാർ .ആർ | ജോയിന്റ് ഡയറക്ടർ-ഇൻ-ചാർജ്ജ് | 04-03-2026 | 13-03-2026 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-03-2026 | 13-03-2026 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പദ്മകുമാർ എസ്.എൽ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. പ്രദീപ് കുമാർ ആർ.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രവീൺ എൻ.ജി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ എം.എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സജേഷ് ആർ.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സുജേഷ് എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രശ്മി ആർ.വി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. കിരൺ എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശരത് ജെ. ശങ്കർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജിജോ ജെ. നായർ, ഓഡിറ്റർ

കുമാരി ഇന്ദുലേഖ കെ.പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.എം. ലാജി | ചെയർപേഴ്സൺ | 01-04-2024 | 31-03-2025 |
| ശ്രീ. സനൽകുമാർ .ഡി.വി | സെക്രട്ടറി | 01-04-2024 | 16-07-2024 |
| ശ്രീ. മൻമഥൻ .പി.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-07-2024 | 31-07-2024 |
| ശ്രീ. സനൽകുമാർ .ഡി.വി | സെക്രട്ടറി | 01-08-2024 | 03-12-2024 |
| ശ്രീ. മൻമഥൻ .പി.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-12-2024 | 31-12-2024 |
| ശ്രീ. സനൽകുമാർ .ഡി.വി | സെക്രട്ടറി | 01-01-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മൻമഥൻ .പി.സി | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2024 | 03-01-2025 |
| ശ്രീ. സന്തോഷ് കുമാർ .കെ.വി | മുനിസിപ്പൽ എഞ്ചിനീയർ | 03-01-2025 | 31-03-2025 |
| ശ്രീ. സന്തോഷ് കുമാർ .എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 23-09-2024 |
| ശ്രീമതി. രശ്മി .എം.റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 23-09-2024 | 31-03-2025 |
| ശ്രീ. പ്രകാശ് .എസ് | ഹെൽത്ത് ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി രേഖ .കെ.എം | പ്രോജക്ട് ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. രാധാകൃഷ്ണൻ .എസ് | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 01-04-2024 | 31-05-2024 |
| ശ്രീ. സന്തോഷ് കുമാർ .എസ് | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 01-06-2024 | 28-02-2025 |
| ശ്രീമതി. ദീപ .ജെ | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 01-03-2025 | 31-03-2025 |
| ശ്രീ. ബൈജു .എസ് | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി. റിജി .ജി.ആർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ഡോ. അനിൽ .വി | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 01-04-2024 | 31-03-2025 |
| ഡോ. രാജശ്രീ .ബി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 30-04-2024 |
| ഡോ. അനുപമ ദേവ് .എ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-05-2024 | 11-07-2024 |
| ഡോ. ഫെമ്ന .കെ.എം. | മെഡിക്കൽ ഓഫീസർ, | 12-07-2024 | 31-03-2025 |

| | | | |
|---|---|---|---|
| | ഹോമിയോ | | |
| ശ്രീ. ഷൈൻ .എസ്.എസ് | ഹെഡ്മാസ്റ്റർ, GLPBS കുരയ്ക്കണ്ണി | 01-04-2024 | 04-11-2024 |
| ശ്രീമതി. അന്നപൂർണ്ണ | പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ്. വർക്കല | 05-11-2024 | 31-03-2025 |
| ശ്രീ. ബീന .എസ്.പി | എസ്.സി. ഡെവലപ്മെന്റ് ഓഫീസർ | 01-04-2024 | 22-02-2025 |
| ശ്രീമതി. സുകന്യ .എൻ.എസ് | എസ്.സി. ഡെവലപ്മെന്റ് ഓഫീസർ | 23-02-2025 | 02-03-2025 |
| ശ്രീമതി. രജിത .എൽ.എസ് | എസ്.സി. ഡെവലപ്മെന്റ് ഓഫീസർ | 03-03-2025 | 31-03-2025 |
| ശ്രീ. സ്റ്റാൻലി .ജി.എസ് | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി. കൃഷ്ണകുമാരി .എ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-10-2024 |
| ശ്രീമതി. റീന .എ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-11-2024 | 31-03-2025 |
| ശ്രീമതി. സിന്ധു ആർ. | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വരുമാനത്തേക്കാൾ കൂടുതൽ തുക ചെലവഴിച്ചു | 1-1-1 |
| 3 | വിവിധ പത്രികകൾ സമർപ്പിച്ചിട്ടില്ല | 1-1-2 |
| 4 | മുനിസിപ്പൽ ജനറൽ ഫണ്ട് വിവരം പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | AUEGS തുകകൾ അനുവദിക്കുന്നതിലും ക്രമീകരിക്കുന്നതിൽ അപാകം | 1-1-4 |
| 6 | ലൈബ്രറി സെസ് തുക പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ഡിമാന്റ് സമയബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | നികുതി കുടിശ്ശികകൾ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ലോൺ റീപേയ്മെന്റ് തുക തെറ്റായ ഹെഡിൽ ക്രമീകരിച്ചു | 1-1-8 |
| 10 | റിക്കവറി തുക ക്രമീകരിച്ചിട്ടില്ല | 1-1-9 |
| 11 | Equity Shares രേഖകൾ ലഭ്യമാക്കിയില്ല | 1-1-10 |
| 12 | Stale Cheque വിവരം ലഭ്യമല്ല | 1-1-11 |
| 13 | അനുവദിക്കുന്ന ലോൺ തുകയുടെ വിവരം ലഭ്യമല്ല | 1-1-12 |
| 14 | ആസ്തിയേക്കാൾ കൂടുതൽ ഡിപ്രീസിയേഷൻ | 1-1-13 |
| 15 | ക്ഷേമ പെൻഷൻ തുക പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | പൂർത്തീയാക്കാത്ത പ്രവൃത്തികളുടെ വിവരം ലഭ്യമല്ലാതെ തുക ക്രമീകരിച്ചു | 1-1-15 |
| 17 | അനുപൂരക പോഷകാഹാര പദ്ധതി - കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ക്രമീകരിച്ചില്ല | 1-1-16 |
| 18 | ബാങ്ക് അക്കൗണ്ടുകളുടെ വിവരവും റീ കൺസീലിയേഷൻ വിവരങ്ങളും ലഭ്യമല്ല | 1-1-17 |
| 19 | ബെനഫിഷ്യറി കോൺട്രിബ്യൂഷൻ ചെലവ് ക്രമീകരിക്കുന്നില്ല | 1-1-18 |
| 20 | നേരിട്ട് പിൻവലിച്ച തുകയുടെ വിവരം ലഭ്യമാക്കിയില്ല | 1-1-19 |
| 21 | AUEGS വരവ് ചെലവ് തുകകൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-20 |
| 22 | അമൃത് പദ്ധതി -ക്രമീകരിക്കാത്ത തുകകളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-21 |
| 23 | PMAY പ്രോജക്ടുകളുടെ വിവരം ലഭ്യമാക്കിയില്ല | 1-1-22 |
| 24 | ഡിപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ ലഭ്യമാക്കിയില്ല | 1-1-23 |
| 25 | പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്ക് വരുത്താനുള്ള തുകയുടെ വിവരം ലഭ്യമല്ല | 1-1-24 |
| 26 | ചെലവ് വിവരം ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല | 1-1-25 |
| 27 | വിവിധ ഫണ്ടുകളുടെ ചെലവ് പൊരുത്തപ്പെടുന്നില്ല | 1-1-26 |
| 28 | ഹെൽത്ത് ഗ്രാന്റ് -ചെലവ് വിവരം പൊരുത്തപ്പെടുന്നില്ല | 1-1-27 |
| 29 | ബജറ്റ് | 1-2 |
| 30 | സാമ്പത്തിക നില | 1-3 |
| 31 | ഗ്രാന്റ് വിനിയോഗം | 1-4 |
| 32 | പദ്ധതി അവലോകനം | 1-5 |

| | | |
|---|---|---|
| 33 | ക്ഷേമ പെൻഷനുകൾ | 1-6 |
| 34 | ക്യാഷ് ബാലൻസ് | 1-7 |
| 35 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 36 | അയ്യങ്കാളി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-9-1 |
| 37 | അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി - അപാകങ്ങൾ | 1-9-2 |
| 38 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-9 |
| 39 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 40 | ഭീമമായ തുക വസ്തു നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ ശേഷിക്കുന്നു - | 1-11 |
| 41 | ക്രമവൽക്കരണഫീസ് കുറവായി ഈടാക്കിയതിനാൽ നഗരസഭാഫണ്ടിന് 209172/- രൂപയുടെ നഷ്ടം | 1-12 |
| 42 | പെർമിറ്റ് ഫീസ് കുറവായി ഈടാക്കിയതിനാൽ നഗരസഭാഫണ്ടിന് 27379/- രൂപയുടെ നഷ്ടം | 1-13 |
| 43 | ലൈസൻസ് ഫീസ് ഈടാക്കാത്തതിനാൽ 5000/- രൂപയുടെ നഷ്ടം | 1-14 |
| 44 | പ്രവർത്തനാനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-15 |
| 45 | തൊഴിൽ നികുതി ഈടാക്കാത്തതിനാൽ നഗരസഭാ ഫണ്ടിന് നഷ്ടം | 1-16 |
| 46 | വാടക ഈടാക്കാത്തതിനാൽ 37286/- രൂപയുടെ നഷ്ടം | 1-17 |
| 47 | വിനോദനികുതി അടവ് -ഫയൽ ലഭ്യമാക്കിയില്ല | 1-18 |
| 48 | പ്രവർത്തനാനുമതി ഇല്ലാതെ തീയറ്ററുകൾ പ്രവർത്തിക്കുന്നു | 1-19 |
| 49 | വരവ് തുകകൾ പൂർണമായി ബാങ്കിൽ ഒടുക്കിയില്ല- നഗരസഭാഫണ്ടിന് 39,426/- രൂപയുടെ നഷ്ടം | 1-20 |
| 50 | എസ് .ബി.എം ആക്ഷൻ പ്ലാൻ വ്യക്തിഗത ശൌചാലയം - ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല. | 1-21 |
| 51 | പൊതുസ്ഥലത്തെ മാലിന്യ നിക്ഷേപം തടയുന്നതിന് ക്യാമറ സ്ഥാപിക്കൽ - ക്യാമറകൾ പൂർണ്ണമായും പ്രവർത്തനക്ഷമമല്ല. | 1-22 |
| 52 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ പദ്ധതിയിലെ അപാകങ്ങൾ-10,703.8/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു | 1-23 |
| 53 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് പദ്ധതിയിലെ അപാകങ്ങൾ-39,999/- രൂപ തടസ്സം ചെയ്യുന്നു. | 1-24 |
| 54 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ (SO)പദ്ധതിയിലെ അപാകങ്ങൾ-മതിയായ രേഖകൾ ലഭ്യമല്ല. 3,13,524/- രൂപ തടസ്സം ചെയ്യുന്നു. | 1-25 |
| 55 | ഹോമിയോ ആശുപത്രിക്ക് വെള്ളക്കരം, വൈദ്യുതി, ടെലിഫോൺ ചാർജ് മറ്റ് ഓഫീസ് ചെലവുകൾ പദ്ധതിയിലെ അപാകങ്ങൾ | 1-26 |
| 56 | വെറ്ററിനറി സർജൻ നിർവഹണം നടത്തിയ കറവ പശുവളർത്തൽ പദ്ധതിയിലെ അപാകങ്ങൾ 1,20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 57 | വിൻഡ്രോകം-പ്രോസസിംഗ്-ഡി-വാട്ടേഡ് സിസ്റ്റം - പ്രവൃത്തി ഉപേക്ഷിച്ച നിലയിൽ – 6,62,417/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-28 |
| 58 | കൗൺസിൽ ഹാൾ നവീകരണം - വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല – 47 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-29 |

| | | |
|---|---|---|
| 59 | പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം, കൃത്യമായ ഫൈൻ ഈടാക്കുന്നില്ല | 1-30 |
| 60 | റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗം പ്രോത്സാഹിപ്പിക്കണം | 1-31 |
| 61 | ടാറിംഗ് പ്രവർത്തികളിൽ Mix Seal Surfacing ഉപയോഗപ്പെടുത്തേണ്ടതാണ് | 1-32 |
| 62 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-33 |
| 63 | മുനിസിപ്പൽ ടൌൺ ഹാൾ നവീകരണ പ്രവൃത്തി | 1-34 |
| 64 | വർക്കല ഗവ ഹയർ സെക്കന്ററി സ്കൂളിന് ശബ്ദസംവിധാനം പദ്ധതി -അപാകതകൾ | 1-35 |
| 65 | ഷീലോഡ്ജിലേക്ക് ഫർണിച്ചർ വാങ്ങൽ- പർച്ചേസ് നടത്തി ഒരു വർഷം പൂർത്തിയാക്കിയിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 1-36 |
| 66 | എസ്.എസ്.കെ വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.2,00,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-37 |
| 67 | ടൗൺ ഹാളിലേക്ക് ഫർണിച്ചർ-നടപടിക്രമങ്ങളിലെ വീഴ്ച | 1-38 |
| 68 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ- കെ.എസ്.ഇ.ബിയ്ക്ക് കൈമാറിയ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. 20,08,322/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-39 |
| 69 | അർബൻ ഹെൽത്ത് ആന്റ് വെൽനസ് സെന്റർ പ്രവർത്തിക്കുന്ന കെട്ടിടത്തിന് വാടക-ആദായ നികുതി ഈടാക്കിയില്ല - വാടകക്കരാർ ഹാജരാക്കിയില്ല | 1-40 |
| 70 | നിലവിലെ ചവർ സംസ്കരണ പ്ലാന്റിന് സമീപമുള്ള ഭൂമി വാങ്ങൽ - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല. 13,65,498/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-41 |
| 71 | ഐ.കെ.എം വിഹിതം കൈമാറൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 3,95,423/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-42 |
| 72 | പി എം എ വൈ പദ്ധതി അവലോകനം | 1-43 |
| 73 | അങ്കണവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തൽ കേന്ദ്രവിഹിതമായ തുക പൂർണ്ണമായും ചിലവഴിച്ചില്ല | 1-44 |
| 74 | ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണത്തിലെ അപാകം | 1-45 |
| 75 | നഗരസഭ സെക്രട്ടറിക്ക് ഫ്ലാറ്റ് വാടകയിനത്തിൽ അധികമായി നൽകിയ 16,576/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു | 1-46 |
| 76 | പെൻഷൻ ഫണ്ട് അവലോകനം | 1-47 |
| 77 | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്കുവരുത്തിയ തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-48 |
| 78 | എക്സ്റേ യൂണിറ്റ് മെഷീൻ വാങ്ങുന്നതിനായി തുക നൽകിയിട്ട് ഒര് വർഷമായിട്ടും മെഷീൻ ലഭ്യമായിട്ടില്ല. ചെലവ് തുക 15,00,000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. | 1-49 |
| 79 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം | 1-50 |
| | ഭാഗം **2** | |
| 1 | വരവ്തുകകൾ പൂർണമായി ഒടുക്കാത്തതിനാൽ നഗരസഭാഫണ്ടിന് 39,426/- രൂപയുടെ നഷ്ടം | 2-1 |
| | ഭാഗം **3** | |
| 1 | നഗരസഭ സെക്രട്ടറിക്ക് ഫ്ലാറ്റ് വാടകയിനത്തിൽ അധികമായി നൽകിയ 16,576/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. | 3-1 |

| ഭാഗം **4** | | |
|---|---|---|
| 1 | മെഡിസെപ്പ് | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങളുടെ വിവരം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

1. വർക്കല മുനിസിപ്പാലിറ്റിയുടെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യത സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29.11.2025-ലെ 1/1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 30.11.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ.ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വർക്കല മുനിസിപ്പാലിറ്റിയുടെ **2024-25** വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വരുമാനത്തേക്കാൾ കൂടുതൽ തുക ചെലവഴിച്ചു

2024-25 വർഷത്തിൽ വരുമാനത്തേക്കാൾ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്. 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക Income And Expenditure Statement പ്രകാരം Income 32,13,15,145/- രൂപയും Expenditure 34,89,36,257/- രൂപയും Gross Deficit Of Income Over Expenditure 2,76,21,112/- രൂപയുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ മുന്നിരിപ്പ് ഉൾപ്പെടെ ചെലവഴിച്ചതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്നാണ് അറിയിച്ചിട്ടുള്ളത്.

### 1-1-2 വിവിധ പത്രികകൾ സമർപ്പിച്ചിട്ടില്ല

2007 ലെ കേരള മുനിസിപ്പൽ അക്കൗണ്ടസ് ചട്ടങ്ങളിലെ , ചട്ടം 58 പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യപത്രികയുടെ അനുബന്ധമായി ഉൾപ്പെട്ടിട്ടില്ല. ഉദാ. അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ , മുതലായവ സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-3 മുനിസിപ്പൽ ജനറൽ ഫണ്ട് വിവരം പൊരുത്തപ്പെടുന്നില്ല

2023-24 ലെ ബാലൻസ് ഷീറ്റ് B-1 Muncipal (General) ഷെഡ്യൂൾ പ്രകാരം 31.03.2024 ലെ മുനിസിപ്പൽ ജനറൽ ഫണ്ട് 1,04,37,565.51 രൂപയായിരുന്നു. എന്നാൽ 2024-25 ലെ ബാലൻസ് ഷീറ്റ് B-1 Muncipal (General) ഷെഡ്യൂൾ പ്രകാരം 31.03.2025 ലെ ജനറൽ ഫണ്ട് -Ve 3,74,64,904/- രൂപ എന്നാണ് കാണുന്നത്. കൂടാതെ 2023-24 ലെ ബാലൻസ് ഷീറ്റിലെ Excess Of Income Over Expenditure -Ve 3,23,86,438.91 രൂപയും 2024-25 വർഷത്തെ Gross Surplus Of Income Over Expenditure After Prior Period -Ve 3,07,69,132/- രൂപയും ഉൾപ്പെടെ 2024-25 വർഷത്തെ നീക്കിയിരിപ്പായി വരേണ്ട Excess Of Income Over Expenditure -Ve 6,31,55,570.91 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ പ്രസ്തുത തുക -Ve 1,95,39,538/- രൂപ എന്നാണ് കാണുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ K Smart ലെ അപാകം കാരണമാണ് ഇപ്രകാരം സംഭവിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-4 AUEGS തുകകൾ അനുവദിക്കുന്നതിലും ക്രമീകരിക്കുന്നതിൽ അപാകം

AUEGS കാഷ് ബുക്കും വാർഷിക ധനകാര്യ പത്രികയും പരിശോധിച്ചതിൽ, 2023-24 വർഷത്തിൽ തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് ഇനത്തിൽ AUEGS ന് നൽകിയ 31778050 രൂപയും 2024-25 വർഷം അഡ്വാൻസ് ഇനത്തിൽ നൽകിയ 4211706 രൂപയും വാർഷിക ധനകാര്യ പത്രികയിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവായാണ്(wages) ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ 2024-25 വർഷം ക്രമീകരിച്ച അഡ്വാൻസ് തുക Head Code 1808004 - Receipts On Excess Payments എന്ന ഹെഡിൽ വരുമാനമായാണ് ഉൾപ്പെടുത്തിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-5 ലൈബ്രറി സെസ് തുക പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ് 5 % ഉൾപ്പെടെ 2024-25 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം Receivables For Property Taxes (Current) 1,25,26,807/- രൂപയും Receivables For Property Taxes (Arrears) 1,36,01,913/- രൂപയും ഉൾപ്പെടെ ആകെ വസ്തു നികുതി ഇനത്തിൽ പിരിച്ചെടുക്കാനുള്ള തുക 2,61,28,720/- രൂപയാണ്. പ്രസ്തുത തുകയിൽ ലൈബ്രറി സെസ് തുക 12,44,225/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ State Govt Cesses/ Levies In Property Taxes - Control Account - Library Cess എന്ന ഹെഡിൽ 26,70,417/- രൂപയാണ് ലൈബ്രറി സെസായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-6 ഡിമാന്റ് സമയബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല

2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 15(2) പ്രകാരം മുനിസിപ്പാലിറ്റിയിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് , ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇപ്രകാരം പ്രതിമാസ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണ്ടതാണ്.

## 1-1-7 നികുതി കുടിശ്ശികകകൾ പൊരുത്തപ്പെടുന്നില്ല

ചുവടെ പറയുന്ന വരവ് ഇനങ്ങളുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കുടിശ്ശിക ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഇനം | അരിയർ ഡിമാന്റ് **(2023-24** ബാലൻസ് ഷീറ്റ് പ്രകാരം**)** | കളക്ഷൻ **(2024-25 AFS** പ്രകാരം**)** | പിരിച്ചെടുക്കാനുള്ള ബാക്കി തുക | **AFS** പ്രകാരം പിരിച്ചെടുക്കാനുള്ള ബാക്കി തുക **(2024-25** ബാലൻസ് ഷീറ്റ് പ്രകാരം**)** |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | Rent Receivable From Buildings | 5216587 | 100031 | 5116556 | 1930205 |
| 2 | Profession Tax - Institutions/ Traders | 1720002 | 958255 | 761747 | 582550 |

വ്യത്യാസമുള്ള തുകകൾ Head Code 2801001 - Prior Period Income എന്ന ഹെഡിൽ ഉൾപ്പെടുത്തിയാണ് ഒഴിവാക്കിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്യൂരിഫേക്കഷൻ വഴി കുടിശ്ശിക രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയതിനാലാണ് ഇപ്രകാരം വ്യത്യാസം വന്നത് എന്നാണ് അറിയിച്ചത്. എന്നാൽ പ്യൂരിഫേക്കഷൻ നടപ്പാക്കിയത് സാധൂകരിക്കുന്ന രേഖകളും നഗരസഭ കൗൺസിൽ തീരുമാനവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-1-8 ലോൺ റീപേയ്മെന്റ് തുക തെറ്റായ ഹെഡിൽ ക്രമീകരിച്ചു

2024-25 വർഷത്തെ HUDCO ലോൺ റീപേയ്മെന്റ് തുകയായ(സോഴ്സ് ഡിഡക്ഷൻ) 20,00,000/- രൂപ റവന്യൂ ചെലവിൽ ഉൾപ്പെടുത്തുന്നതിനു പകരം ഹെഡ് കോഡ് 3121001 Capital Contribution എന്ന ഹെഡിലാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-9 റിക്കവറി തുക ക്രമീകരിച്ചിട്ടില്ല

Head Code 3502005- Recoveries Payable-Loan Recovery – എന്ന ഹെഡിലെ തൻവർഷത്തെ മുന്നിരിപ്പായ 12,500/- രൂപ 2024-25 വർഷത്തിലും ഒടുക്ക് വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ തുക ഒടുക്ക് വരുത്തിയെങ്കിലും ബന്ധപ്പെട്ട ഹെഡിൽ ആയത് ക്രമീകരിക്കാത്തതിനാലാണ് അപാകം കാണപ്പെടുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-10 Equity Shares രേഖകൾ ലഭ്യമാക്കിയില്ല

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-12 ഷെഡ്യൂളിൽ Equity Shares – Special Funds ഇനത്തിൽ നീക്കിയിരിപ്പായി 20,00,000/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ കൃത്യത പരിശോധിക്കുന്നതിനായി രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ ക്ലീൻ കേരള കമ്പനിയിലെ ഷെയറിന്റെ വിവരം ആണ് എന്നാണ് അറിയിച്ചത്. ഇത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-11 Stale Cheque വിവരം ലഭ്യമല്ല

3508001 - Liability In Respect Of Stale Cheque എന്ന ഹെഡിന്റെ ലെഡ്ജറിൽ 01.04.2023 മുതൽ 53,605/- രൂപയുണ്ട്. പ്രസ്തുത തുകയുടെ ഇനം തിരിച്ചുള്ള വിവരം Ksmart ലെ ലെഡ്ജറിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ K Smart ൽ വിവരം ലഭ്യമാക്കിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. അപാകം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും കാലാവധി കഴിഞ്ഞവ ക്രമീകരിക്കേണ്ടതുമാണ്.

## 1-1-12 അനുവദിക്കുന്ന ലോൺ തുകയുടെ വിവരം ലഭ്യമല്ല

നഗരസഭയിൽ ലോൺ ഇനത്തിൽ ലഭിക്കുന്ന തുകയിൽ നിന്നും ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന തുക Prepaid Programme Expense എന്ന ഹെഡിൽ ഉൾപ്പെടുത്തി ബാലൻസ് ഷീറ്റ് B-16 ഷെഡ്യൂളിൽ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ലോൺ ഇനത്തിൽ നാളിതുവരെ വിതരണം ചെയ്ത തുകയുടെയും ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകയുടെയും വിവരം വാർഷിക ധനകാര്യപത്രികയിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ തുക വിതരണം ചെയ്തെങ്കിലും ബന്ധപ്പെട്ട ഹെഡിൽ ആയത് ഉൾപ്പെടുത്താത്തതിനാലാണ് അപാകം കാണപ്പെടുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-13 ആസ്തിയേക്കാൾ കൂടുതൽ ഡിപ്രീസിയേഷൻ

ബാലൻസ് ഷീറ്റ് Headcode-4108001 Other Fixed Assets ൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന തുക 1,01,15,203/-

രൂപയാണ്. എന്നാൽ പ്രസ്തുത ഹെഡിന്റെ Accumulated Depreciation 2,22,38,484/- രൂപയാണ്. ആസ്തിയേക്കാൾ കൂടുതൽ ഡിപ്രീസിയേഷൻ തുക രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ ഓരോ ആസ്തിക്കും പ്രത്യേകം ഹെഡ് ലഭ്യമല്ലാത്തതിനാലാണ് ഇപ്രകാരം രേഖപ്പെടുത്തിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. അപാകം പരിഹരിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

**1-1-14 ക്ഷേമ പെൻഷൻ തുക പൊരുത്തപ്പെടുന്നില്ല**

സേവന DBT സ്റ്റേറ്റ്മെന്റ് പ്രകാരം Indira Gandhi National Old Age Pension Scheme ൽ 2024-25 വർഷം ചെലവഴിച്ച തുക 5,56,61,000/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക (ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ് മെന്റ് I-6 & I-14(d) പ്രകാരം) പ്രകാരം പ്രസ്തുത ഇനത്തിലെ വരവ്/ചെലവ് 55,66,100/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-1-15 പൂർത്തീയാക്കാത്ത പ്രവൃത്തികളുടെ വിവരം ലഭ്യമല്ലാതെ തുക ക്രമീകരിച്ചു**

2023-24 വർഷത്തെ ബാലൻസ് ഷീറ്റ് Capital Work In Progress എന്ന ഹെഡിൽ നീക്കിയിരിപ്പുണ്ടായിരുന്ന 1,49,54,827/- രൂപ 2024-25 ൽ ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ചെലവിട്ട പ്രോജക്ട് വിവരം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ പ്രോജക്ടുകളുടെ വിവരം അക്കൗണ്ട്സ് സെക്ഷനിൽ ലഭ്യമാക്കാത്തതിനാലാണ് തുക ക്രീമകരിച്ചതെന്നും അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**1-1-16 അനുപൂരക പോഷകാഹാര പദ്ധതി - കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ക്രമീകരിച്ചില്ല**

സുലേഖ ചെലവ് പത്രിക പ്രകാരം അനുപൂരക പോഷകാഹാര പദ്ധതിക്കായി (പ്രോജക്ട് നം.4/2025)2024-25 വർഷം കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 17,69,038/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ വാർഷിക ധനകാര്യപത്രികയിലെ Head Code-3201020 ൽ 16,76,304/- രൂപയുടെ ചെലവ് മാത്രമാണ് ക്രമീകരിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ ഗ്രാന്റ് എൻട്രിയിലെ അപാകം കാരണമാണ് ഇപ്രകാരം സംഭവിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-1-17 ബാങ്ക് അക്കൗണ്ടുകളുടെ വിവരവും റീ കൺസീലിയേഷൻ വിവരങ്ങളും ലഭ്യമല്ല**

2024-25 വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭയിൽ മുന്നിരിപ്പായി 24 ട്രഷറി/ബാങ്ക് അക്കൗണ്ടുകളും നീക്കിയിരിപ്പായി 31 ട്രഷറി/ബാങ്ക് അക്കൗണ്ടുകളുമാണുള്ളത്. ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളും ബാങ്ക് സ്റ്റേറ്റ്മെന്റ്/പാസ്ബുക്ക് പ്രകാരമുള്ള തുകകളും വ്യത്യാസമുള്ള ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസത്തെയും വർഷാവസാനത്തെയും റീകൺസീലിയേഷൻ ഡീറ്റെയിൽഡ് റിപ്പോർട്ട്(cheque Issued But Not Present To Bank, Cheque Deopisted But Not Cleared Etc. എന്നിവയുടെ വിശദാംശം) K SMART – ലെ റീ കൺസീലിയേഷൻ റിപ്പോർട്ടിൽ ലഭ്യമാക്കിയിട്ടില്ല. K SMART ലെ റീ കൺസീലിയേഷനിൽ ഇപ്രകാരമുള്ള റിപ്പോർട്ട് ലഭ്യമല്ലാത്തതിനാൽ വിവിധ ബാങ്ക് അക്കൗണ്ടുകളിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിവിധ അക്കൗണ്ടുകളിലെ Uncashed Cheque കളുടെ വിവരവും പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ 2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട 37 ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെ വിവരം(1 രൂപയിൽ താഴെ നീക്കിയിരിപ്പ് തുക) 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ K Smart ലെ അപാകം കാരണമാണ് ഇപ്രകാരം സംഭവിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്

**1-1-18 ബെനഫിഷ്യറി കോൺട്രിബ്യൂഷൻ ചെലവ് ക്രമീകരിക്കുന്നില്ല**

2024-25 വർഷം ബെനഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിൽ വിവിധ പ്രോജക്ടുകൾ മുഖേന ചെലവഴിച്ച തുക ഹെഡ് കോഡ് 3208010 Beneficiary Conribution എന്ന ഹെഡിൽ ചെലവായി ഉൾപ്പെടുത്തി ക്രമീകരിച്ചിട്ടില്ല. ഉദാഹരണം - കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ട് പ്രകാരം 8,36,000/- രൂപ ബെനഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുക ഹെഡ് കോഡ് 3208010 Beneficiary Conribution എന്ന ഹെഡിൽ കുറവ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ തെറ്റായ ഹെഡിൽ ചെലവ്

രേഖപ്പെടുത്തിയത് കാരണമാണ് ഇപ്രകാരം സംഭവിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-19 നേരിട്ട് പിൻവലിച്ച തുകയുടെ വിവരം ലഭ്യമാക്കിയില്ല

Indian Overseas Bank Pipe Connection- 0149 A/C No. 032102000000149 എന്ന ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന 278376.21 രൂപ 16.03.2024 ൽ "CAA "Unclaimed B" എന്ന പേരിൽ പിൻവലിച്ചിട്ടുണ്ട്(അക്കൗണ്ട് ബാലൻസ് 0). പ്രസ്തുതപിൻവലിക്കൽ സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അക്കൗണ്ടിൽ നീക്കിയിരിപ്പ് ഇല്ലെങ്കിലും 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ മേൽ ഹെഡിൽ മുന്നിരിപ്പായും നീക്കിയിരിപ്പായും **2,78,376/-**രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്**.** ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ ട്രാൻസാക്ഷൻ ഇല്ലാത്തതിനാൽ ബാങ്ക് നേരിട്ട് തുക പിൻവലിച്ചു എന്നാണ് അറിയിച്ചിട്ടുള്ളത്. മറുപടി തൃപ്തികരമല്ല. തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-1-20 AUEGS വരവ് ചെലവ് തുകകൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യ പത്രികയിൽ AUEGS വരവ് ചെലവ് തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. AUEGS കാഷ് ബുക്ക് പ്രകാരം AUEGS ബാങ്ക് അക്കൗണ്ടിൽ മുന്നിരിപ്പായി 20,367/- രൂപയും വരവ് ഇനത്തിൽ 4,17,98,469/- രൂപയും ചെലവ് 4,17,97,720/- രൂപയും നീക്കിയിരിപ്പായി 21,116/- രൂപയുമുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026ന് ലഭിച്ച മറുപടിയിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്

## 1-1-21 അമൃത് പദ്ധതി -ക്രമീകരിക്കാത്ത തുകകളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

Head Code 3201037 Amrut(Atal Mission For Rejuvanation Of Urban Transformation) എന്ന ഹെഡ് പ്രകാരം തൻവർഷം 2,36,90,522/- രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട്) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം പ്രോജക്ട് നമ്പർ 207, അമൃത് പദ്ധതി നഗരസഭാവിഹിതം ഒടുക്കൽ എന്ന പ്രോജക്ടിൽ കേന്ദ്രാവിഷ്കൃത ഫണ്ടായി 1,58,00,000/- രൂപ വകയിരുത്തിയെങ്കിലും തുക ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. അമൃത് പ്രോജക്ടിന്റെ ബിൽ രജിസ്റ്റർ പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ 2024-25 വരെ ഡിപ്പോസിറ്റായി നിക്ഷേപിച്ചതിൽ(റോഡ് റീസ്റ്റോറേഷൻ, സെക്യൂരിറ്റി ഡിപ്പോസിറ്റ് തുടങ്ങിയവ) വിനിയോഗ സാക്ഷ്യപത്രം ലഭിക്കുനുള്ള തുക 4,88,22,379/- രൂപയാണ്. എന്നാൽ പ്രസ്തുത തുക 2024-25 വർഷത്തെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-22 PMAY പ്രോജക്ടുകളുടെ വിവരം ലഭ്യമാക്കിയില്ല

Head Code 3201011 - Prime Minister S Awas Yojana (PMAY) – General എന്ന ഹെഡ് പ്രകാരം 9425000.00 രൂപ തൻവർഷം ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ ഇപ്രകാരം ചെലവഴിച്ച പ്രോജക്ടുകളുടെ വിവരവും ചെലവ് തുകയും ഉൾപ്പെട്ടിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-23 ഡിപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ ലഭ്യമാക്കിയില്ല

വിവിധ ശീർഷ വരവുകളുടെയും, നിക്ഷേപ പ്രവൃത്തികളുടെയും ഡെപ്പോസിറ്റ് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ അഡ്വാൻസ് രജിസ്റ്ററിൽ ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും അനുവദിക്കുന്നതും , ക്രമീകരിക്കുന്നതും, നീക്കിയിരിപ്പുള്ളതുമായ തുകകളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവിധ ഹെഡ് ഓഫ് അക്കൗണ്ടുകളിലെ അഡ്വാൻസ് തുകകളുടെ (Agencies, Officials, Other Advances Etc)കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-24 പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്ക് വരുത്താനുള്ള തുകയുടെ വിവരം ലഭ്യമല്ല

2023-24 വാർഷിക ധനകാര്യ പത്രികയിലെ ബാലൻഷീറ്റ് പ്രകാരം സാമ്പത്തിക വർഷാവസാനം വരെ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്ക് വരുത്താനുള്ളതും (തുക 21436146 രൂപ ,Head Code - 3501106) നഗരസഭയ്ക്ക് ലഭിക്കാനുള്ളതുമായ തുക തന്നെയാണ് (തുക 39298555 രൂപ Head Code – 4315099) 2024-25 വർഷത്തെ ബാലൻസ്ഷീറ്റിലും ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ തൻവർഷം ഇപ്രകാരം അനുവദിച്ച തുക Head Code - 3501106-ൽ അല്ല അക്കൗണ്ട് ചെയ്തിട്ടുള്ളത്. മേൽ കണക്കുകൾ സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ രേഖകൾ കൃത്യമല്ല എന്നാണ് അറിയിച്ചിട്ടുള്ളത്. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-25 ചെലവ് വിവരം ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല

2024-25 വർഷം ഹെഡ് കോഡ് 2103009 Pension – Contingent Employees എന്ന ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ 42,86,436/- രൂപ ചെലവുണ്ട്. എന്നാൽ ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂളിൽ പ്രസ്തുത തുക ചെലവായി ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.43/12.03.2026 ന് ലഭിച്ച മറുപടിയിൽ K Smart ലെ അപാകം കാരണമാണ് ഇപ്രകാരം സംഭവിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-26 വിവിധ ഫണ്ടുകളുടെ ചെലവ് പൊരുത്തപ്പെടുന്നില്ല

വിവിധ ഫണ്ടുകളുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | വാർഷിക ധനകാര്യ പത്രിക (ഇൻകം & എക്സ്പൻഡിച്ചർ പ്രകാരമുള്ള റവന്യൂ ചെലവ് + **Capital Contribution)** | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് |
|---|---|---|
| വികസന ഫണ്ട് ജനറൽ | 53555280(41441723+12113557) | 59146880 |
| സി.എഫ്.സി ടൈഡ് | 21158858(9822354+10889289+447215) | 20605547 |
| സി.എഫ്.സി അൺടൈഡ് | 29583488 | 36153344 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് മറുപടി ലഭ്യമാക്കിയില്ല. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-27 ഹെൽത്ത് ഗ്രാന്റ് -ചെലവ് വിവരം പൊരുത്തപ്പെടുന്നില്ല

ഹെൽത്ത് ഗ്രാന്റ് എ.സി.ആർ പ്രകാരം 2024-25 വർഷത്തെ ആകെ ചെലവ് 6267190.00 രൂപയാണ്. എന്നാൽ എ.എഫ്.എസ് പ്രകാരം ആകെ ചെലവ് 61,89,087/- രൂപയാണ്(1300331+4888756.00). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.43/12.03.2026 ന് ലഭിച്ച മറുപടിയിൽ അപാകം പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-2 ബജറ്റ്

നഗരസഭയുടെ 2024-25 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 08.02.2024 | 27.03.2025 |
| കൗൺസിൽ തീരുമാനം | 1/1 | 1/1 |
| മുന്നിരിപ്പ് | 136847825 | 102755865 |
| പ്രതീക്ഷിത വരവ് | 618925534 | 632368035 |
| ആകെ | 755773359 | 735123900 |
| പ്രതീക്ഷിത ചെലവ് | 671219236 | 621272619 |
| നീക്കിയിരിപ്പ് | 84554123 | 113851281 |

## 1-3 സാമ്പത്തിക നില

റസീപ്റ്റ് & പേയ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 102755814 |

| | |
|---|---|
| വരവ് | 191236359 |
| ആകെ | 293992173 |
| ചെലവ് | 198301837 |
| നീക്കിയിരിപ്പ് | 95690336 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റുകളുടെ വിനിയോഗവിവരം ചുവടെ ചേർക്കുന്നു.

| Fund/Grant | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | **0** | 42896800 | 59146880 | -16250080 |
| വികസനഫണ്ട് (എസ്.സി.പി) | **0** | 17234000 | 15484480 | 1749520 |
| വികസനഫണ്ട് (ടി.എസ്.പി) | **0** | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | **0** | 23832930 | 20605547 | 3227383 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | **0** | 12254290 | 36153344 | -23899054 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | **0** | 32561000 | 27471436 | 5089564 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | **0** | 35075000 | 12631666 | 22443334 |
| കേന്ദ്രാവിഷ്കൃത ഫണ്ട്(സി.എസ്.എസ്) | **0** | 0 | 1929046 | -1929046 |
| സംസ്ഥാനവിഷ്കൃത ഫണ്ട്(എസ്.എസ്.എസ്) | **0** | 0 | 10656655 | -10656655 |

1) വികസന ഫണ്ട് ജനറൽ, എസ്.സി.പി. എന്നിവയുടെ എല്ലാ അലോട്ട്മെന്റ് തുകകളും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽപ്പെടുത്തിയിട്ടില്ല.

2) ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) എന്നീ ഫണ്ടുകളുടെ Receipt ഭാഗത്ത് Source Deduction കൂടാതെയുള്ള തുകകളും Expenditure ഭാഗത്ത് Source Deduction ഉൾപ്പെടെയുള്ള തുകകളുമാണ് കാണപ്പെടുന്നത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളിൽ വരവിനേക്കാൾ കൂടുതൽ ചെലവും നീക്കിയിരിപ്പായി നെഗറ്റീവ് തുകകളും കാണപ്പെടുന്നുണ്ട്.

3) ധനകാര്യ കമ്മീഷൻ ഗ്രാന്റ് (സി.എഫ്.സി Tied &Untied)മുന്നിരിപ്പ് തുക ഉൾപ്പെടെയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ മുന്നിരിപ്പ് തുക ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ പ്രസ്തുത ഗ്രാന്റുകൾക്ക് നീക്കിയിരിപ്പായി നെഗറ്റീവ് തുകകൾ കാണപ്പെടുന്നുണ്ട്. കൂടാതെ ഹെൽത്ത് ഗ്രാന്റ് വിവരം ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

4) കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെയും(സി.എസ്.എസ്), സംസ്ഥാനവിഷ്കൃത ഫണ്ടുകളുടെയും (എസ്.എസ്.എസ്) മുന്നിരിപ്പ്, വരവ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, തുകകൾ ഉൾപ്പെടാതെ ചെലവ് തുകകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് തുകയായി കാണപ്പെടുന്നുണ്ട്.

5) വെബ്സാംഖ്യ മുഖേന ലഭ്യമാകുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ക്യൂബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത(ട്രഷറി റിജക്ട് ചെയ്യുന്ന ബില്ലുകൾ, ട്രഷറിയിൽ സമയ പരിധിക്കുള്ളിൽ സമർപ്പിക്കാത്ത ബില്ലുകൾ മുതലായവ) ബില്ലുകളുടെ വിവരങ്ങളും ഉൾപ്പെടെ കാണപ്പെടുന്നുണ്ട്. കൂടാതെ സോഴ്സ് ഡിഡക്ഷൻ വരവ് ചെലവ് തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഉൾപ്പെടുന്നുമില്ല. ആയതിനാൽ വെബ് സാംഖ്യ എ.സി.ആറിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിവിധ ഫണ്ടുകളുടെ മാനുവൽ എ.സി.ആർ നഗരസഭയിൽ സൂക്ഷിക്കാത്തതിനാലും K SMART ൽ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റീകൺസീലിയേഷൻ വിവരങ്ങൾ ലഭ്യമല്ലാത്തതിനാലും 2024-25 വർഷത്തെ ഗ്രാന്റുകളുടെ വരവ് ചെലവ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഗ്രാന്റ് വിനിയോഗം - മറ്റ് അപാകങ്ങൾ

1)വിവിധ ഫണ്ടുകളുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല. കൂടാതെ വിവിധ ഫണ്ടുകളുടെ എല്ലാ അലോട്ട്മെന്റ് വിവരങ്ങളും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടുമില്ല. വിശദാംശം ചുവടെ

| ഫണ്ട് | വാർഷിക ധനകാര്യ പത്രിക(ഇൻകം & എക്സ്പൻഡിച്ചർ പ്രകാരമുള്ള | ഗ്രാന്റ് |
|---|---|---|

| | | |
|---|---|---|
| | റവന്യൂ ചെലവ് + **Capital Contribution)** | സ്റ്റേറ്റ്മെന്റ് |
| വികസന ഫണ്ട് ജനറൽ | 53555280(41441723+12113557) | 59146880 |
| സി.എഫ്.സി ടൈഡ് | 21158858(9822354+10889289+447215) | 20605547 |
| സി.എഫ്.സി അൺടൈഡ് | 29583488 | 36153344 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്

2)നഗരസഭയിൽ മുൻവർഷങ്ങളിൽ ഉൾപ്പടെ ലഭിച്ച താഴെപ്പറയുന്ന വിവിധ ഗ്രാന്റുകൾ 2024-25 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. കൂടാതെ ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 2024-25 വർഷത്തെ നീക്കിയിരിപ്പ് തുകകൾ ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 3201017 | Integrated Housing And Slum Development Programme | 2045809.00 |
| 3201029 | Swaccha Bharat Mission – Solid Waste Management | 692853.00 |
| 3201045 | Suchitwa Mission Grant | 4174243.00 |
| 3202011 | Grants/Funds For Pandemic/Epidemic Control | 2464653.00 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടിയിൽ തുക ചെലവഴിക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്

3)ബാലൻസ് ഷീറ്റ് പ്രകാരം ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ മുൻവർഷങ്ങളിൽ ഉൾപ്പെടെ അനുവദിച്ച തുകകളിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന /വിനിയോഗ സാക്ഷ്യ പത്രം തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 4605002 | Advance To Implementing Agencies | 12706712.00 |

ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ മേൽ തുക സംബന്ധിച്ച പ്രോജക്ടുകളുടെ വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല.

അപാകം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്(എൻക്വയറി നം.12/07.03.2026 ന് ലഭിച്ച മറുപടി). അപാകം പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 42 | 29 | 13 | 116508045 | 31051573 | 26.65 |
| 2 | മുനിസിപ്പൽ എഞ്ചിനീയർ | 9 | 4 | 5 | 58601291 | 12854174 | 21.93 |
| 3 | അസി.എഞ്ചിനീയർ | 169 | 79 | 90 | 131823093 | 46905987 | 35.58 |
| 4 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 5 | 5 | 0 | 1233524 | 1034071 | 83.83 |
| 5 | പ്രിൻസിപ്പാൾ ഗവ ഹയർ സെക്കണ്ടറി സ്കൂൾ | 13 | 13 | 0 | 3513313 | 3071787 | 87.43 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17 | 14 | 3 | 7982898 | 6216954 | 77.87 |
| 7 | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | 20 | 20 | 0 | 20946153 | 20767869 | 99.15 |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | ഹെൽത്ത് ഓഫീസർ മുനിസിപ്പാലിറ്റി | 24 | 15 | 9 | 42921272 | 13213143 | 30.78 |
| 9 | പട്ടിക ജാതി വികസന ഓഫീസർ | 15 | 14 | 1 | 17328308 | 9184437 | 53 |
| 10 | പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജന സെൽ | 9 | 8 | 1 | 33263131 | 28300627 | 85.08 |
| 11 | ഡെപ്യൂട്ടി ഡയറക്ടർ ക്ഷീര വികസനം | 3 | 3 | 0 | 1100000 | 1016756 | 92.43 |
| 12 | വെറ്റിനറി സർജൻ-സീനിയർ വെറ്റിനറി സർജൻ | 7 | 6 | 1 | 2409000 | 1817518 | 75.45 |
| 13 | കൃഷി ഓഫീസർ-കൃഷി ഫീൽഡ് ഓഫീസർ | 6 | 5 | 1 | 3848990 | 3577000 | 92.93 |
| 14 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | 0 | 570000 | 570000 | 100 |
| 15 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 1 | 1500000 | 517500 | 34.5 |

<u>പദ്ധതി ആസൂത്രണ സമിതി</u>

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നം. 86/2022/ തസ്വഭവ., തീയതി 19.04.2022] ഖണ്ഡിക, 3.1.1 അനുസരിച്ച് ആസൂത്രണസമിതി ആവശ്യമെങ്കിൽ പുന:സംഘടിപ്പിക്കേണ്ടതാണ്. മുനിസിപ്പാലിറ്റിയിൽ 2024-25 വർഷം ആസൂത്രണ സമിതി പുന:സംഘടിപ്പിച്ചിട്ടില്ല. 2024-25 സാമ്പത്തിക വർഷം പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് 08-01-2024,31-01-2024 തീയതികളിൽ യോഗം ചേർന്നിട്ടുണ്ട്. 08-01-2024 ൽ ചേർന്ന സമിതി യോഗത്തിന്റെ മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല. 31-01-2024 ൽ ചേർന്ന യോഗത്തിന്റെ ഹാജർ മാത്രമാണ് മിനിട്സിൽ ഉള്ളത്. തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. 2025-26 പദ്ധതി ആസുത്രണവുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിന്റെ മിനിട്സും ഓഡിറ്റ് തീയതി വരെയും ക്ലോസ് ചെയ്തിട്ടില്ല.

<u>വർക്കിംഗ് ഗ്രൂപ്പുകൾ</u>

വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സുകൾ കൃത്യമായി പരിപാലിക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | അപാകത |
|---|---|
| കുടിവെള്ളം | തൻവർഷത്തെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് ഒരു പ്രവാവശ്യം മാത്രമാണ് യോഗം ചേർന്നത് (31-01-2024). പ്രസ്തുത മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല |
| പൊതുമരാമത്ത്, ഊർജ്ജം | |
| ജൈവ വൈവിദ്ധ്യം | |
| ധനകാര്യം | |
| കൃഷി | 2024-25 വർഷത്തെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് 06-01-2024 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് ക്ലോസ് ചെയ്തിട്ടില്ല തുടർന്ന് യോഗം ചേർന്ന ദിവസത്തെ സംബന്ധിച്ച് വിശദാംശങ്ങളൊന്നും രേഖപ്പെടുത്താതെ ഹാജർ മാത്രം മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. |

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം മോണിറ്ററിംഗ് നടത്തിയിട്ടില്ല.

<u>വാർഡ് സഭകൾ</u>

വാർഡ് സഭകൾ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരണം എന്ന നിർദ്ദേശം പാലിച്ചിട്ടില്ല. മിനിട്ടുകൾ കൃത്യമായി പരിപാലിച്ചിട്ടില്ല. ഭൂരിഭാഗം മിനിട്സുകളും കോ ഓർഡിനേറ്ററും കൗൺസിലറും ഒപ്പിട്ട് ക്ലോസ് ചെയ്യുന്നില്ല. പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി വാർഡ് സഭയിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത നടപടിക്രമം അനുവർത്തിച്ചിട്ടില്ല.

മേൽ അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ **32/10-03-2026)** മറുപടി ലഭ്യമാക്കിയില്ല**.**

വരും വർഷങ്ങളിൽ പദ്ധതി ആസൂത്രണം നിർവ്വഹണം മോണിട്ടറിംഗ് എന്നിവ സംബന്ധിച്ച പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.

## 1-6 ക്ഷേമ പെൻഷനുകൾ

2024-25 വർഷം വിതരണം ചെയ്ത വിവിധ ക്ഷേമ പെൻഷനുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 128000 | 4 |
| വിധവ പെൻഷൻ | 30318300 | 2038 |
| വാർദ്ധക്യ കാല പെൻഷൻ | 55661000 (*) | 3815 |
| വികലാംഗ പെൻഷൻ | 7319400 | 475 |
| വിവാഹ ധനസഹായം | 0 | 0 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 261600 | 18 |

(*) പ്രസ്തുത അപാകത ഖണ്ഡിക 1-1 ന്റെ ഉപഖണ്ഡിക ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. AFS-ൽ ചെലവ് തുക തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

## 1-7 ക്യാഷ് ബാലൻസ്

തിരുവനന്തപുരം ജില്ലയിലെ വർക്കല നഗരസഭയിലെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 12.03.2026 12.30 Pm സമയത്ത് സ്ഥാപനതലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 58157/- രൂപ കാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ചുമതലകൾ ഓഫീസ് ഓർഡർ പ്രകാരം വിഭജിച്ച് നൽകിയിട്ടുണ്ട്. കെ സ്മാർട്ട് നിലവിൽ വന്ന ശേഷം P.R സൂക്ഷിക്കുന്നില്ല.

എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് വിളിച്ച് ചേർത്ത് ഓഫീസ് പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നു.

എല്ലാ തപാലുകളിന്മേലും സമയബന്ധിതമായി നടപടി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഇൻക്യുബൻസി രജിസ്റ്റർ, ക്യാഷൽ ലീവ് രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നില്ല. ജനറൽ കമ്മിറ്റി മിനിട്സ്, സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് എന്നിവ യഥാസമയം ക്ലോസ് ചെയ്ത് പരിപാലിക്കുന്നുണ്ട്. പരിശോധനയിൽ എല്ലാ വാർഡ്സഭ മിനിട്സും യഥാസയമം ക്ലോസ് ചെയ്തിട്ടില്ലെന്ന് കാണുന്നു. .

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ക്രമപ്രകാരമല്ല. ആസ്തി രജിസ്റ്ററിൽ എല്ലാ ആസ്തികളും ഉൾപ്പെടുത്തിയിട്ടില്ല. പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തി തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

വാഹന ഉപയോഗം സംബന്ധിച്ച് ലോഗ് ബുക്ക് പരിപാലിച്ചു വരുന്നു. ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സമയബന്ധിതമായി തീർപ്പ് കല്പിക്കാൻ നടപടി സ്വീകരിച്ച് കാണുന്നില്ല.

മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കേണ്ടതും നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## 1-9-1 അയ്യങ്കാളി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

എ) നടപ്പാക്കിയ പ്രവൃത്തികൾ സംബന്ധിച്ച വിവരം

| വർഷം | ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികൾ (എണ്ണം) | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ, തൻവർഷ പദ്ധതികൾ) | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ, തൻവർഷ പദ്ധതികൾ) |
|---|---|---|---|
| 2024-25 | 202 | 88 | 88 |

ബി). തൊഴിലുറപ്പ് പദ്ധതി ജനപങ്കാളിത്തം സംബന്ധിച്ച വിവരം

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | തൻവർഷം പുതുതായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 300 |
| 2 | ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 332 |
| 3 | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 513 |
| 4 | 100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 202 |
| 5 | തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം | 100 |
| 6 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 50447 |
| 7 | തൊഴിൽ കാർഡ് നൽകാൻ ശേഷിക്കുന്ന കുടുംബങ്ങളുടെ എണ്ണം | ഇല്ല |

സി). എസ്.സി/എസ്.ടി പങ്കാളിത്തം

| വർഷം | നഗരസഭയിലെ ആകെ എസ്.സി/ എസ്.ടി കുടുംബങ്ങൾ | | രജിസ്റ്റർ ചെയ്ത എസ്.സി/എസ്.ടി കുടുംബങ്ങൾ | |
|---|---|---|---|---|
| | എസ്.സി | എസ്.ടി | എസ്.സി | എസ്.ടി |
| 2024-25 | 5885 | 134 | 71 | 1 |

അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് 40/11.03.2026 ന്റെ മറുപടി

## 1-9-2 അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി - അപാകങ്ങൾ

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി പുതുക്കിയ മാർഗ്ഗരേഖ സ.ഉ(കൈ)നം.216/2017/ത.സ്വ.ഭ.വ തീയതി 03/11/2017 പ്രകാരം ഓരോ നഗരസഭയിലെയും വാർഡ് സഭകൾ അതാത് വാർഡിൽ/ ഡിവിഷനിൽ നടക്കുന്ന പ്രവൃത്തികളെ മോണിറ്റർ ചെയ്യുകയും, തൊഴിൽ രജിസ്ട്രേഷൻ, തൊഴിൽ കാർഡ് വിതരണം, തൊഴിൽ നൽകൽ, വേതന വിതരണം എന്നീ കാര്യങ്ങൾ പരിശോധനക്ക് വിധേയമാക്കണമെന്നും കൂടാതെ പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട എല്ലാ പ്രവൃത്തികൾക്കും ഓരോ ജാഗ്രത മേൽനോട്ട കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്നും പ്രസ്തുത കമ്മിറ്റി പ്രവൃത്തിയുടെ പുരോഗതിയും ഗുണമേന്മയും ശ്രദ്ധിക്കുകയും ഉറപ്പുവരുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപ് വാർഡ് സമിതിയും ജാഗ്രതാ കമ്മിറ്റിയും രൂപീകരിക്കേണ്ടതും പ്രവൃത്തിയുടെ കംപ്ലീഷൻ റിപ്പോർട്ടിനോട് ചേർത്ത് മോണിറ്ററിങ്ങ് റിപ്പോർട്ട് വയ്ക്കണമെന്നും നിർദേശിക്കുന്നുണ്ട്.

ഇപ്രകാരം വാർഡ് കമ്മിറ്റിയും ജാഗ്രതാ മേൽനോട്ട കമ്മിറ്റിയും പ്രവൃത്തി സ്ഥലത്ത് രൂപീകരിക്കുകയും പ്രവൃത്തി വിലയിരുത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. സൈറ്റ് ഡയറി, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ഫയലിൽ ഉൾപ്പെട്ടിട്ടില്ല. അപാകം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 40/11.03.2026) വരും വർഷങ്ങളിൽ അപാകം പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പദ്ധതി നിർവഹണത്തിലെയും, ഫയൽ സൂക്ഷിപ്പിലെയും അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-9 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

കാഷ് ബുക്ക് പ്രകാരം

| ഇനം | മുന്നിരിപ്പ് (രൂ.) | വരവ് (രൂ.) | ആകെ (രൂ.) | ചെലവ് (രൂ.) | നീക്കിയിരിപ്പ് (രൂ.) |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ/ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 20367 | 41798469 | 41818836 | 41797720 | 21116 |

വാർഷിക ധനകാര്യ പത്രികയിൽ AUEGS ഭരണ ചെലവുകൾ/ഗുണഭോക്താക്കൾക്ക് നൽകുന്ന തുകകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (അപാകം 1-1 ന്റെ ഉപഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്)

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.07.2022 | 2017-18 To 2021-22 | 31.08.2022 |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.10.2024 To 24.10.2024 | 2016-17 To 2022-23 | 24.10.2024 |

## 1-11 ഭീമമായ തുക വസ്തു നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ ശേഷിക്കുന്നു -

വാർഷിക ധനകാര്യ പത്രിക പ്രകാരം 2024-25ൽ തൻവർഷത്തെ വസ്തു നികുതി 1,25,26,807/- രൂപയും മുൻവർഷങ്ങളിലെ വസ്തുനികുതി 1,36,01,913/- രൂപയും കുടിശ്ശിക ആയിട്ടുണ്ട്. കുടിശ്ശികയായ നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് 10.3.2026ലെ 23ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി.ആയതിന് ലഭ്യമാക്കിയ മറുപടിയിൽ നികുതി ദായകർക്ക് യഥാസമയം ഡിമാൻഡ് നോട്ടീസ് നൽകുകയും കുടിശ്ശിക വരുത്തിയവർക്കെതിരെ റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും അറിയിച്ചു. കുടിശ്ശിക തുകകൾ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-12 ക്രമവൽക്കരണഫീസ് കുറവായി ഈടാക്കിയതിനാൽ നഗരസഭാഫണ്ടിന് **209172/-**രൂപയുടെ നഷ്ടം

താഴെ പറയുന്ന ക്രമവൽക്കരണ ഫയലുകൾ പരിശോധിച്ചതിൽ സ്പെഷ്യൽ റെസിഡെൻഷ്യൽ കെട്ടിടങ്ങളുടെ ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കിയതിനാൽ നഗരസഭാഫണ്ടിന് നഷ്ടം ഉണ്ടായിട്ടുള്ളതായി കാണുന്നു. 30.7.2024ലെ സ.ഉ.(കൈ) നം. 97/2024/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം താമസാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് 300 M2 ന് മുകളിൽ വിസ്തീർണമുള്ളവയ്ക്ക് 150/- / M2 ആണ്. പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ് ക്രമവൽക്കരണ ഫീസായി ഈടാക്കേണ്ടിയിരുന്നത് എന്നിരിക്കെ ഈടാക്കിയ ക്രമവൽക്കരണ ഫീസിൽ കുറവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫയൽ നമ്പർ - റഗുലറൈസേഷൻ പെർമിറ്റ് നം. | അപേക്ഷകന്റെ പേര്, | ക്രമീകരിച്ച കെട്ടിടത്തിന്റെ വിസ്തീർണം , തരം | ഈടാക്കേണ്ടിയിരുന്ന റഗുലറൈസേഷൻ ഫീസ് (പെർമിറ്റ് ഫീസിന്റെ ഇരട്ടി) | ഈടാക്കിയ റഗുലറൈസേഷൻ ഫീസ് | കുറവ് |
|---|---|---|---|---|---|
| ഫയൽ നമ്പർ- 2739106-2024 റഗുലറൈസേഷൻ പെർമിറ്റ് നം. *തീയതി- RO/1794/2025; തീയതി 24.3.2025* | ഉല്ലാസ് ഷൌക്കത്ത്& പ്രസീന ഫസൽ | 1475.74 M2, സ്പെഷ്യൽ റെസിഡെൻഷ്യൽ | 1475.74*300=442722/- | 295148/- | 147574/- |
| ഫയൽ നമ്പർ - 2457234-2024 റഗുലറൈസേഷൻ പെർമിറ്റ് നം. *തീയതി -:* | ശശി കുമാർ | 615.98 M2, സ്പെഷ്യൽ റെസിഡെൻഷ്യൽ | 615.98*300=184794/- | 123196/- | 61598/- |

| | | | | | |
|---|---|---|---|---|---|
| *RO*/5920/2024<br>തീയതി 30.11.2024 | | | | | |
| | | | | | 209172/- |

ക്രമവൽക്കരണഫീസ് കുറവായി ഈടാക്കിയത് സംബന്ധിച്ച് 6.3.2026ലെ 1ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കിയതിൽ കുറവ് വന്ന തുക 209172/- രൂപ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-13 പെർമിറ്റ് ഫീസ് കുറവായി ഈടാക്കിയതിനാൽ നഗരസഭാഫണ്ടിന് 27379/- രൂപയുടെ നഷ്ടം

30.7.2024ലെ സ.ഉ.(കൈ) നം. 97/2024/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം താമസാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് പ്രസ്തുത ഉത്തരവ് പ്രകാരം 300 $M^2$ ന് മുകളിൽ വിസ്തീർണമുള്ളവയ്ക്ക് 150/- / $M^2$ ആണ്. താഴെ പറയുന്ന പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ സ്പെഷ്യൽ റെസിഡെൻഷ്യൽ വിഭാഗത്തിൽ പെടുന്ന കെട്ടിടത്തിന്റെ പെർമിറ്റ് ഫീസ് ഫീസ് കുറവായി ഈടാക്കിയതിനാൽ നഗരസഭാഫണ്ടിന് നഷ്ടം ഉണ്ടായിട്ടുള്ളതായി കാണുന്നു.

| ഫയൽ നമ്പർ , പെർമിറ്റ് നം. | അപേക്ഷകന്റെ പേര്, | പെർമിറ്റ് അനുവദിച്ച വിസ്തീർണം , തരം | ഈടാക്കേണ്ടിയിരുന്ന പെർമിറ്റ് ഫീസ് | ഈടാക്കിയ പെർമിറ്റ് ഫീസ് , | കുറവ് |
|---|---|---|---|---|---|
| ഫയൽ നമ്പർ 2830874-2024, *പെർമിറ്റ് നമ്പർ BP*/3725/2025 തീയതി 3.2.2025 | ഫൌമ്യ മുഫ് ലിഹ് | 547.58 $M^2$, സ്പെഷ്യൽ റെസിഡെൻഷ്യൽ | 547.58*150=82137/- | 54758/- | 27379/- |

മേൽപ്പറഞ്ഞ അപാകത സംബന്ധിച്ച് 6.3.2026ലെ 1ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് മറുപടി ലഭ്യമാക്കിയില്ല. പെർമിറ്റ് ഫീസിൽ കുറവ് വന്ന തുക 27,379/- രൂപ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-14 ലൈസൻസ് ഫീസ് ഈടാക്കാത്തതിനാൽ 5000/- രൂപയുടെ നഷ്ടം

K-Smart സോഫ്റ്റ്‌വെയറിൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2024-25 വർഷത്തിൽ ലൈസൻസ് അനുവദിച്ച താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. ലൈസൻസ് രജിസ്റ്ററിൽ Pending For Payment എന്ന ഇനത്തിൽ ആണ് ടി സ്ഥാപനങ്ങളെ ഉൾക്കൊള്ളിച്ചിട്ടുള്ളത്. കൂടാതെ ലൈസൻസ് ഫീസ് ഈടാക്കിയ രസീത് നമ്പർ ലൈസൻസ് രജിസ്റ്ററിൽ ലഭ്യമാക്കിയിട്ടുമില്ല.

K-Smart ലെ രേഖപ്പെടുത്തലുകൾ പ്രകാരം ലൈസൻസ് ഫീസ് കുടിശ്ശികയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | അപേക്ഷകന്റെ പേര് | ലൈസൻസ് നമ്പർ | ലൈസൻസ് ഫീസ് |
|---|---|---|---|
| 1 | ഹിദായത്തുള്ള | BFIF02-M010100-01170-2024 | 1000 |
| 2 | ജിജു ശശിധരൻ | BFIF02-M010100-00638-2025 | 2000 |
| 3 | രേഷ്മ.എസ്. | BFIF02-M010100-00052-2024 | 500 |
| 4 | സുനിൽ.ബി. | BFIF02-M010100-01203-2024 | 500 |
| 5 | രാജേഷ് കുമാർ | BFIF02-M010100-01153-2025 | 1000 |
| 6 | ദീപ്തി.വി. | BFIF02-M010100-00284-2025 | 1000 |
| | | | ആകെ=5000/- |

ലൈസൻസ് ഫീസ് ഈടാക്കാതെ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് 6.3.206ലെ 8ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ 2024-25 വർഷത്തിൽ ലൈസൻസ് പുതുക്കുന്നതിനും പുതിയതായി ലൈസൻസ് എടുക്കുന്നതിനും K-Smart സോഫ്റ്റ് വെയറിൽ അപേക്ഷ സമർപ്പിച്ച് ലൈസൻസ് അനുവദിച്ചതിന് ശേഷം മാത്രമാണ് ഫീസ് അടയ്ക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരുന്നത് എന്നാണ് അറിയിച്ചത്. നഗരസഭാഫണ്ടിന് നഷ്ടമായ തുക 5000/- രൂപ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15 പ്രവർത്തനാനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ബങ്കുകളുടെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2024-25ൽ നഗരസഭയുടെ 43 ബങ്കുകൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. K-Smart സോഫ്റ്റ്വെയറിലെ ലൈസൻസ് രജിസ്റ്ററിൽ 2024-25ൽ ബങ്കുകൾക്ക് അനുവദിച്ച ലൈസൻസ് വിശദാംശങ്ങൾ പരിശോധിച്ചതിൽ 25 ബങ്കുകൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. 2024-25ൽ പ്രവർത്തിച്ചിരുന്ന ശേഷിക്കുന്ന 18 ബങ്കുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല. നഗരസഭ തന്നെ വാടകയ്ക്ക് നൽകിയിരിക്കുന്ന ബങ്കുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് ഗുരുതരമായ വീഴ്ച്ച ആണ്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചത് സംബന്ധിച്ച് 6.3.2026ലെ 7ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് മറുപടി ലഭ്യമാക്കിയെങ്കിലും ബങ്കുകൾക്ക് ലൈസൻസ് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കിയില്ല. പ്രവർത്തനാനുമതി ഉള്ള സ്ഥാപനങ്ങൾ മാത്രമേ നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി ഈടാക്കാത്തതിനാൽ നഗരസഭാ ഫണ്ടിന് നഷ്ടം _

2024-25 വർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന വ്യക്തികളിൽ നിന്നും ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി തുകകൾ അടവാക്കിയിട്ടില്ല എന്ന് കാണുന്നു.

| പേര് | വാർഡ് നമ്പർ | അർധവാർഷിക വരുമാനം | കാലയളവ് |
|---|---|---|---|
| ഷമീർ.<br>ക്ളിഫ് ബീച്ച് ഹോസ്പിറ്റാലിറ്റി | 1 | 125000 | 2024-25 അർധവർഷം 1,2 |
| പ്രവീൺ, ശ്രീ വിനായക എഞ്ചിനീയറിംഗ് | 2 | 45000 | 2024-25 അർധവർഷം 1,2 |
| ഷാൻ ബഷീർ, അമീസ് ജ്യൂസ് ബാർ | 5 | 100000 | 2024-25 അർധവർഷം 1,2 |
| അക്ബർ ഷാ<br>വയലരികത്ത് ട്രേഡേഴ്സ് | 6 | 60000 | 2024-25 അർധവർഷം 1,2 |
| സതീഷ്കുമാർ , കാഷ്യൂ ഫാക്ടറി | 10 | 125000 | 2024-25 അർധവർഷം 1,2 |
| ഫൈസി, അബൂസ് ഹോസ്പിറ്റൽ | 14 | 125000 | 2024-25 അർധവർഷം 1,2 |
| മാനേജർ, വിമല തീയറ്റർ | 14 | 125000 | 2024-25 അർധവർഷം 1,2 |
| അജയൻ, അർജ്ജുൻ ട്രാവൽസ് | 14 | 125000 | 2024-25 അർധവർഷം 1,2 |
| സുമേഷ് ,<br>റോയൽ ഗ്രാനൈറ്റ് | 15 | 125000 | 2024-25 അർധവർഷം 1,2 |
| ശിവപ്രസാദ്, അറേബ്യൻ ടൂർസ് & ട്രാവൽസ് | 31 | 125000 | 2024-25 അർധവർഷം 1,2 |
| മാനേജർ, ബ്ളാക്ക് ബീച്ച് റിസോർട്ട് | 28 | 125000 | 2024-25 അർധവർഷം 1,2 |

ടി തുകകൾ ഈടാക്കാത്തത് സംബന്ധിച്ച് 10.3.2026ലെ 29ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക ആയ തൊഴിൽ നികുതി ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-17 വാടക ഈടാക്കാത്തതിനാൽ 37286/- രൂപയുടെ നഷ്ടം

*വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം 2024-25 വർഷത്തിൽ താഴെ പറയുന്ന കടമുറികളുടെ വാടക കുടിശ്ശിക ആയിട്ടുണ്ട്.*

| കടമുറി നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസ വാടകത്തുക | കുടിശ്ശിക കാലയളവ് | 2024-25 ൽ ലഭിക്കാനുള്ള വാടക കുടിശ്ശിക |
|---|---|---|---|---|
| S21 | ശിവൻ നായർ | 2077 | 7/2024 മുതൽ 3/2025 വരെ | 18693+ 18% GST |
| M16 | സുനിൽ | 1273 | 11/2024 മുതൽ 3/2025 വരെ | 6365+ 18% GST |
| M20 | മോഹനൻ പിള്ള | 1019 | 4/2024മുതൽ 3/2025 വരെ | 12228/-+ 18% GST |
| | | | | ആകെ = 37286//- |

ഈ വിഷയം സംബന്ധിച്ച് 10.3.2026ലെ 22ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശികക്കാർക്ക് നോട്ടീസ് നൽകിയതായി അറിയിച്ചു.ടി കുടിശ്ശികത്തുകയും 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 538.

2 പ്രകാരമുള്ള പിഴപ്പലിശയും (24% വാർഷിക നിരക്കിൽ) ഈടാക്കി റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## 1-18 വിനോദനികുതി അടവ് -ഫയൽ ലഭ്യമാക്കിയില്ല

കെ- സ്മാർട്ട് സോഫ്റ്റ് വെയറിൽ 2024-25 വർഷത്തിലെ വിനോദനികുതി ലെഡ്ജർ പരിശോധിച്ചതിൽ S.T. അസോസിയേറ്റ്സ് എന്ന സ്ഥാപനം താഴെ പറയുന്ന രസീതുകൾ പ്രകാരം വിനോദ നികുതി ഒടുക്കിയിട്ടുണ്ട്. വിനോദ നികുതി രജിസ്റ്റർ ലഭ്യമാക്കാത്തതിനാലും പ്രസ്തുത രസീതുകളിൽ ഫയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും കെ സ്മാർട്ട് സോഫ്റ്റ് വെയറിൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് ഡെയ് ലി കളക്ഷൻ റിപ്പോർട്ട് പ്രകാരം ഒടുക്കേണ്ട നികുതി ഒടുക്കിയിട്ടുണ്ടോ എന്നും വൈകിയ നികുതി അടവുകളിൽ ആനുപാതികമായ പിഴപ്പലിശ ഈടാക്കിയിട്ടുണ്ടോ എന്നും പരിശാധിക്കാൻ സാധിച്ചിട്ടില്ല.

| രസീത് നമ്പർ/ തീയതി | തുക |
|---|---|
| R-M010100-25011715/31.3.2025 | 34070/- |
| R-M010100-25011216/31.3.2025 | 251506/- |
| R-M010100-25010767/31.3.2025 | 96433/- |
| R-M010100-25011564/31.3.2025 | 121486/- |

മേൽപ്പറഞ്ഞ അപാകത സംബന്ധിച്ച് 10.3.2026ലെ 26ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും പ്രസ്തുത നികുതി അടവുകളുടെ ഫയൽ ലഭ്യമാക്കിയില്ല. പ്രസ്തുത നികുതി അടവുകളുടെ ഫയൽ ലഭ്യമാക്കേണ്ടതാണ്.

## 1-19 പ്രവർത്തനാനുമതി ഇല്ലാതെ തീയറ്ററുകൾ പ്രവർത്തിക്കുന്നു

കെ- സ്മാർട്ട് സോഫ്റ്റ് വെയറിൽ 2024-25 വർഷത്തിലെ കേരള സിനിമാസ് റെഗുലേഷൻ ആക്ട് പ്രകാരമുള്ള ലൈസൻസ് ഫീസ് - ലെഡ്ജർ പരിശോധിച്ചതിൽ 2024-25വർഷത്തിൽ വരവുള്ളതായി കാണുന്നില്ല. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന തിയേറ്ററുകളുടെ പേര്, KCR ലൈസൻസ് വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് 10.3.2026ലെ 21ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് മറുപടി ലഭ്യമാക്കിയില്ല. വിനോദനികുതി ലെഡ്ജർ പരിശോധിച്ചതിൽ സ്റ്റാർ തിയേറ്റർ, എസ്.ആർ. തിയേറ്റർ, എസ്.ടി. അസോസിയേറ്റ്സ് എന്നീ തിയേറ്ററുകൾ 2024-25ൽ വിനോദനികുതി ഒടുക്കിയിട്ടുണ്ട്. പ്രസ്തുത മൂന്ന് തിയേറ്ററുകളും പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാണ്. തിയേറ്ററുകൾക്ക് ലൈസൻസ് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-20 വരവ് തുകകൾ പൂർണമായി ബാങ്കിൽ ഒടുക്കിയില്ല- നഗരസഭാഫണ്ടിന് 39,426/- രൂപയുടെ നഷ്ടം

നഗരസഭയിൽ ഡേ ബുക്ക് പ്രകാരം വരവു വന്ന തുകകൾ രണ്ട് ബാങ്ക് അക്കൌണ്ടുകളിലാണ് ഒടുക്കിയിട്ടുള്ളത്. 2016ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലെ ചട്ടം 15(ഇ) പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചുകൊണ്ട് നഗരസഭ പുറത്തിറക്കിയ 28.10.2022ൽ കൌൺസിൽ അംഗീകരിച്ച ബൈലോ (സമഗ്ര മാലിന്യ പരിപാലന നിയമാവലി) യുടെ അടിസ്ഥാനത്തിൽ ജൈവമാലിന്യം കളക്ട് ചെയ്യുന്നതിന് നഗരസഭ ഗുണഭോക്താക്കളിൽ നിന്ന് സ്വീകരിക്കുന്ന യൂസർ ഫീ തുകകൾ ഇൻഡ്യൻ ഓവർസീസ് ബാങ്കിലെ -032101000031349 – നമ്പർ അക്കൌണ്ടിലാണ് ഒടുക്കുന്നത്. ശേഷിക്കുന്ന തനത് ഫണ്ട് വരവുകൾ കാനറാ ബാങ്കിലെ - 1988101018200 നമ്പർ അക്കൌണ്ടിലും ആണ് അടച്ചുവരുന്നത്.കെ- സ്മാർട്ട് സോഫ്റ്റ് വെയറിലെ ഡേ ബുക്ക് പ്രകാരം വരവ് വന്ന തുകകൾ ബാങ്ക് അക്കൌണ്ടിൽ ഒടുക്കിയതിന്റെ പരിശോധനയിൽ താഴെ പറയുന്ന തീയതികളിൽ വരവ് വന്ന തുക പൂർണമായി അക്കൌണ്ടിൽ ഒടുക്കിയിട്ടില്ല എന്ന് കാണുന്നു.

| തീയതി | ഡേ ബുക്ക് പ്രകാരമുള്ള വരവ് തുക / തീയതി | കാനറാ ബാങ്ക് - 1988101018200 അക്കൌണ്ടിൽ ഒടുക്കിയ തുക | IOB -032101000031349 - അക്കൌണ്ടിൽ ഒടുക്കിയ തുക | ആകെ ഒടുക്കിയ തുക | കുറവ് |
|---|---|---|---|---|---|
| 15.7.2024 | 41888/-രൂപ. | 30854/- (17.7.2024 ൽ അക്കൌണ്ടിൽ ക്രെഡിറ്റ് ആയി) | - | 30854/- | 11034/- |
| 24.7.2024 | 145402/-രൂപ | 94010/- (25.7.2024ൽ അക്കൌണ്ടിൽ ക്രെഡിറ്റ് ആയി) | 23000/- (25.7.2024ൽ അക്കൌണ്ടിൽ ക്രെഡിറ്റ് ആയി) | 117010/- | 28392/- |
| | | | | | ആകെ= |

| | | | | | |
|---|---|---|---|---|---|
| | | | | | 39426/- |

മേൽപ്പറഞ്ഞ അപാകത സംബന്ധിച്ച് 13.3.2026ലെ 47ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് മറുപടി ലഭ്യമാക്കിയില്ല. ഒടുക്കിയതിൽ കുറവ് വന്ന തുക 39,426/- രൂപ ഉത്തരവാദി ആയ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി നഗരസഭാഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-21 എസ് .ബി.എം ആക്ഷൻ പ്ലാൻ വ്യക്തിഗത ശൌചാലയം - ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല .

| | |
|---|---|
| പ്രോജക്ട് നമ്പർ | SOO285/25 |
| പ്രോജക്ടിന്റെ പേര് | എസ് .ബി.എം ആക്ഷൻ പ്ലാൻ വ്യക്തിഗത ശൌചാലയം (കെ സ്മാർട്ട് ഫയൽ നം - 75060/2025) |
| അടങ്കൽ | 4922000 ( ധനകാര്യ കമ്മീഷൻ അവാർഡ് - 3821945, കേന്ദ്രാവിഷ്കൃത ഫണ്ട് - 660000, സംസ്ഥാനാവിഷ്കൃത ഫണ്ട് - 440055) |
| ചെലവ് | 450667 ( ധനകാര്യ കമ്മീഷൻ അവാർഡ് - 290659, കേന്ദ്രാവിഷ്കൃത ഫണ്ട് - 160008) |
| ബിൽ നമ്പർ / തീയതി | 285/18.01.2025 തുക 55000/-<br>452/21.02.2025 തുക 165659/-<br>712/28.03.2025 തുക 70000/-<br>413/15.02.2025 തുക 160008/-) |
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) |

വർക്കല നഗരസഭയുടെ എസ്.ബി.എം 2 ആക്ഷൻ പ്ലാനുമായി ബന്ധപ്പെട്ട് 165 പേർക്ക് നഗരസഭയിൽ ടോയ്ലെറ്റ് സംവിധാനം ഇല്ലാത്തതിനാൽ പുതിയ ടോയ്ലെറ്റ് നിർമ്മാണത്തിനായി 15,400/- രൂപ വീതം അനുവദിക്കുന്നതിന് വേണ്ടി 2023-24 സാമ്പത്തിക വർഷം രൂപീകരിച്ച പ്രോജക്ടിന്റെ സ്പിൽ ഓവർ പ്രോജക്ടാണിത്. പദ്ധതിയുമായി ബന്ധപ്പെട്ട് ഓരോ ഗുണഭോക്താവിനും നാളിതുവരെ അനുവദിച്ച തുകയുടെ വിവരം, 2023-24 സാമ്പത്തിക വർഷം തുക അനുവദിച്ച ഗുണഭോക്തക്കളിൽ പണി പൂർത്തിയാക്കാത്തവരുടെ വിവരം എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (27/10.03.2026) അക്വിറ്റൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലെന്നും ആയത് കാലികമാക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതാണെന്നും അറിയിച്ചു. പദ്ധതി പ്രകാരം തുക അനുവദിച്ച മുഴുവൻ ഗുണഭോക്താക്കളും പണി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 പൊതുസ്ഥലത്തെ മാലിന്യ നിക്ഷേപം തടയുന്നതിന് ക്യാമറ സ്ഥാപിക്കൽ - ക്യാമറകൾ പൂർണ്ണമായും പ്രവർത്തനക്ഷമമല്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | SOO362/25 |
| പ്രോജക്ടിന്റെ പേര് | പൊതുസ്ഥലത്തെ മാലിന്യ നിക്ഷേപം തടയുന്നതിന് ക്യാമറ സ്ഥാപിക്കൽ (കെ. സ്മാർട്ട് ഫയൽ നം - 259724-2025) |
| അടങ്കൽ | 10,00,000/- |
| ചെലവ് | 10,00,000/- |
| ബിൽ നമ്പർ / തീയതി | 628/22.03.2025 |
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) |

പൊതു സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിന് വേണ്ടി രൂപീകരിച്ച പ്രോജക്ടാണിത്. പദ്ധതിയുടെ ഭാഗമായി നഗരസഭയിൽ നിലവിൽ സ്ഥാപിച്ചിരുന്ന 7 സി സി ടി വി ക്യാമറകൾ Solar Based ആയി അപ്ഗ്രേഡ് ചെയ്തതിന്റെയും പുതുതായി 2 ക്യാമറ സ്ഥാപിച്ചതിന്റെയും വകയിൽ കെൽട്രോണിന് 100000/- രൂപ അനുവദിച്ചിട്ടുണ്ട്. ഓഡിറ്റ് വേളയിൽ സി സി ടി വി ക്യാമറകളുടെ പ്രവർത്തനം പരിശോധിക്കുന്നതിനായി Centralized Monitoring Centre പരിശോധിച്ചതിൽ 5 സ്ഥലങ്ങളിലെ (വെട്ടൂർ റോഡ്, മുനിസിപ്പൽ ബസ് സ്റ്റാന്റ്, പുന്നമൂട് റോഡ്, ചിലക്കൂർ റോഡ്, മുണ്ടയിൽക്കാവ് റോഡ്) സി സി ടി വി ക്യാമറകൾ മാത്രമാണ് പ്രവർത്തന ക്ഷമമായിട്ടുള്ളത്. കാക്കോട് മുക്ക് ജംഗ്ഷൻ, ഗവ.

ഗസ്റ്റ്ഹൌസ് റോഡ്, തെട്ടവേതോഡ് റോഡ്, മൈതാനം എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സി സി ടി വി ക്യാമറകൾ പ്രവർത്തനക്ഷമമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (27/10.03.2026) നെറ്റ്‌വർക്ക് കണക്ഷന്റെ തുക ഒടുക്കുന്നതിലുള്ള കാലതാമസം കാരണമാണ് ക്യാമറകൾ പ്രവർത്തിക്കാതിരുന്നതെന്നും തുക ഒടുക്കി നെറ്റ്‌വർക്ക്കണക്ഷൻ പുന:സ്ഥാപിച്ചതായും മറുപടി ലഭ്യമാക്കി. തുടർന്നും മേൽ ക്യാമറകൾ പ്രവർത്തനക്ഷമമല്ലായെന്ന് വ്യക്തമായിട്ടുണ്ട്. മേൽ ക്യാമറകൾ പ്രവർത്തനക്ഷമമാക്കി വിവരം രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-23 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ പദ്ധതിയിലെ അപാകങ്ങൾ-10,703.8/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ | 12/2024-25 |
| അടങ്കൽ | വികസന ഫണ്ട്<br>(പൊതുവിഭാഗം സാധാരണ വിഹിതം) Rs.180000/- |
| ചെലവ് | Bill No: 533/14.03.2025 Rs.160557/- |

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ ടി പദ്ധതിയിൽ 30 ഗുണഭോക്താക്കൾക്ക് മേശയും കസേരയും വാങ്ങി നൽകിയിട്ടുണ്ട്. 28/05/2022ലെ സ.ഉ.(എം.എസ്) നം.115/2022/LSGD സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.3.2 പ്രകാരം രജിസ്റ്റേർഡ് മത്സ്യ തൊഴിലാളികളുടെയോ അനുബന്ധ തൊഴിലാളികളുടെയോ മത്സ്യ തൊഴിലാളി/ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ പറ്റിയ മത്സ്യ അനുബന്ധ തൊഴിലാളികളുടെ മക്കൾക്ക് തടി കൊണ്ടുള്ള മേശയും കസേരയും വാങ്ങി നൽകുന്നതിനുള്ള പദ്ധതിയാണ്. സ്കൂൾ അധികൃതരിൽ നിന്നും ലഭിക്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സ്കൂൾ മുഖേന ഫർണിച്ചർ വിതരണം ചെയ്യേണ്ടതാണ്.

സ്കൂൾ അധികൃതരിൽ നിന്നും ലഭിക്കുന്ന ലിസ്റ്റ് ഓഡിറ്റിന് ഹാജരാക്കിയ ഫയലിനൊപ്പം ലഭ്യമല്ല. ചുവടെ പറയുന്ന ഗുണഭോക്താക്കൾ വിദ്യാർത്ഥികൾ ആണെന്ന് തെളിയിക്കുന്നതിനായി സ്കൂളിൽ നിന്ന് ലഭിക്കുന്ന സാക്ഷ്യപത്രം ഫയലിനൊപ്പം ലഭ്യമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 39/11.03.2026ന്റെ മറുപടി ലഭ്യമായില്ല.

| ഗുണഭോക്താവിന്റെ പേര് | സ്കൂൾ | ഫിഷറീസ് ബുക്ക് നം |
|---|---|---|
| Muhammed Irfan D | Govt. Model HSS Varkala | T40/1859 |
| Nesma S | HVUP School Kurakkanni | T42/653 |

സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ രണ്ടു ഗുണഭോകതാക്കൾക്ക് മേശയും കസേരയും വാങ്ങിയതിന്റെ ചെലവ് തുകയായ 10,703.8/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് പദ്ധതിയിലെ അപാകങ്ങൾ-39,999/- രൂപ തടസ്സം ചെയ്യുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ | 13/2024-25 |
| അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം) Rs.31446/-<br>വികസന ഫണ്ട്(ധനകാര്യ കമ്മീഷൻ അവാർഡ്) Rs.468554/-<br>ആകെ Rs.500000/- |
| ചെലവ് | Bill No: 574/18.03.2025 Rs.399990/-<br>ആകെ Rs.399990/- |

28/05/2022ലെ സ.ഉ.(എം.എസ്) നം.115/2022/LSGD സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.3.1 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ സയൻസ്, കമ്പ്യൂട്ടർ സയൻസ്(ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ് തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കോ ഗവേഷണ വിദ്യാർത്ഥികൾക്കോ ആണ് ലാപ്ടോപ്പ് നല്കാവുന്നത്. ടി പദ്ധതിയിൽ 10 ഗുണഭോക്താക്കൾക്കാണ് ലാപ്ടോപ്പ് നൽകിയിരിക്കുന്നത്.

സൈനബ, D/O മുഹ്സിൽ, പാളയം വീട്, ചിലക്കൂർ (വാർഡ് 20) എന്ന ഗുണഭോക്താവിന്റെ, മേൽപ്പറഞ്ഞ ഏതെങ്കിലും കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥി ആണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിനൊപ്പം ലഭ്യമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.39/11.03.2026ന് മറുപടി ലഭ്യമായില്ല.

പ്രസ്തുത രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നത് വരെ ഒരു ലാപ്ടോപിന്റെ ചെലവ് തുകയായ 39,999/- രൂപ തടസ്സം ചെയ്യുന്നു.

## 1-25 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ (SO)പദ്ധതിയിലെ അപാകങ്ങൾ- മതിയായ രേഖകൾ ലഭ്യമല്ല. 3,13,524/- രൂപ തടസ്സം ചെയ്യുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ (SO) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ | 205/2024-25 |
| അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം) Rs.3,13,524/- |
| ചെലവ് | Bill No: 20/09.05.2024 Rs.313524/- |

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ ടി പദ്ധതിയിൽ 54 പേർക്ക് മേശയും കസേരയും വാങ്ങി നല്കിയിട്ടുണ്ട്. ടി വ്യക്തികളുടെ അപേക്ഷയോ മത്സ്യത്തൊഴിലാളികളുടെ മക്കളാണെന്നു തെളിയിക്കുന്ന രേഖകളോ, വിദ്യാർത്ഥികളാണെന്നു തെളിയിക്കാൻ സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രമോ ലഭ്യമല്ല. നഗരസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 39/11.03.2026ന ശേഷം ലഭ്യമാക്കിയ ഫയലിൽ ട്രഷറി ബില്ലുകളും, സാധനങ്ങളുടെ കൈപ്പറ്റു രേഖയും മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. മേൽ സൂചിപ്പിച്ച മറ്റ് രേഖകൾ പ്രസ്തുത ഫയലിൽ ഉൾപ്പെട്ടിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റും ഗുണഭോക്താക്കളുടെ സ്കൂളുകളിൽ നിന്നുള്ള സാക്ഷ്യപത്രവും മത്സ്യത്തൊഴിലാളികളുടെ മക്കളാണെന്നു തെളിയിക്കുന്ന രേഖകളും ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 3,13,524/- രൂപ തടസ്സം ചെയ്യുന്നു. പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-26 ഹോമിയോ ആശുപത്രിക്ക് വെള്ളക്കരം, വൈദ്യുതി, ടെലിഫോൺ ചാർജ് മറ്റ് ഓഫീസ് ചെലവുകൾ പദ്ധതിയിലെ അപാകങ്ങൾ

| | |
|---|---|
| പദ്ധതിയുടെ പേര് | ഹോമിയോ ആശുപത്രിക്ക് വെള്ളക്കരം വൈദ്യുതി ചാർജ് ടെലിഫോൺ ചാർജ് മറ്റു ഓഫീസ് ചെലവുകൾ |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ-ഹോമിയോ |
| പ്രോജക്ട് നമ്പർ | 164/2024-25 |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് (റോഡിതരം) Rs.70000/- |
| ചെലവ് | Bill No: 216/23.12.2024 Rs.2800/-<br>Bill No: 217/23.12.2024 Rs.2013/-<br>Bill No: 286/19.01.2025 Rs.5780/-<br>Bill No: 302/26.01.2025 Rs.1095/-<br>Bill No: 303/26.01.2025 Rs.1980/-<br>Bill No: 380/10.02.2025 Rs.2773/-<br>Bill No: 381/10.02.2025 Rs.723/-<br>Bill No: 384/11.02.2025 Rs.3690/-<br>Bill No: 395/12.02.2025 Rs.9949/-<br>Bill No: 396/12.02.2025 Rs.4968/-<br>Bill No: 426/19.02.2025 Rs.28858/-<br>Bill No: 432/19.02.2025 Rs.5371/-<br>ആകെ Rs.70000/- |

ഗവൺമെന്റ് ഹോമിയോ ആശുപത്രിയുടെ വൈദ്യുതി, വെള്ളക്കരം, ടെലിഫോൺ ചാർജ് എന്നിവക്കും മറ്റു അനുബന്ധ ചെലവുകൾക്കും വേണ്ടി ഉള്ള പദ്ധതിയാണ്. ടി പദ്ധതിയിൽ ചുവടെ പറയുന്ന അപാകം കാണുന്നു. MR Home Appliancesഎന്ന സ്ഥാപനത്തിൽ നിന്നും 13790/- രൂപയുടെ ഉത്പന്നങ്ങൾ വാങ്ങിയിട്ടുണ്ട്.

| Bill No & Date | Item | Amount(Rs.) |
|---|---|---|
| 1826, 14/02/2025 | Office Chair | 4890/- |
| 1825, 14/02/2025 | Book Shelf | 4950/- |
| 1827, 14/2/2025 | File Shelf | 3950/- |
| | ആകെ | 13790/- |

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾക്ക് സേവനങ്ങളും സാധനങ്ങളും സമാഹരിക്കുന്നതിനു ബാധകമായ ജി.ഓ(പി)നം.259/2010/ത.സ്വ.ഭ.വ തീയതി 08/11/2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെൻറ് മാർഗ്ഗരേഖയിൽ നഗരസഭകൾക്ക് 5000/- രൂപ മുതൽ 50000/- രൂപ വരെ മതിപ്പുവില ഉള്ള സാധനങ്ങൾ വാങ്ങുന്നതിനു അറിയപ്പെടുന്ന വിതരണക്കാരിൽ നിന്നും കുറഞ്ഞത് 3 ക്വട്ടേഷനുകൾ സ്വീകരിക്കേണ്ടതാണ്. ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (17/09.03.2026) ഓരോ ബില്ലിലും അയ്യായിരത്തിൽ താഴെ ഉള്ള തുക ആയതിനാലാണ് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ സാധങ്ങൾ വാങ്ങിയത് എന്ന് മറുപടി ലഭ്യമായി. മറുപടി അംഗീകരിക്കാവുന്നതല്ല. തുടർ വർഷങ്ങളിൽ സാധനങ്ങൾ സമാഹരിക്കുമ്പോൾ മേൽ പരാമർശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

## 1-27 വെറ്ററിനറി സർജൻ നിർവഹണം നടത്തിയ കറവ പശുവളർത്തൽ പദ്ധതിയിലെ അപാകങ്ങൾ 1,20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | കറവ പശുവളർത്തൽ പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ | 34/26 |
| അടങ്കൽ | 1980000/-<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്-990000, മറ്റുള്ളവ-990000) |
| ചെലവ് | 930000/-<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്-930000) |
| ബിൽ നമ്പർ | 415/18.02.25 90000/-<br>435/20.02.25 120000/-<br>444/20.02.25 90000/-<br>445/20.02.25 30000/-<br>473/27.02.25 60000/-<br>474/27.02.25 90000/-<br>520/10.03.25 60000/-<br>521/10.03.25 30000/-<br>522/10.03.25 120000/-<br>537/14.03.25 60000/-<br>668/25.03.25 180000/- |

വർക്കല നഗരസഭയിലെ തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് വ്യക്തിഗതാടിസ്ഥാനത്തിൽ 50 ശതമാനം സബ്സിഡി നിരക്കിൽ പരമാവധി 30000 രൂപയിൽ കവിയാതെ (ജനറൽ വിഭാഗം) കറവയുള്ള പശുവിനെ നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. ടി പദ്ധതിയുടെ നടത്തിപ്പിലെ അപാകങ്ങൾ ചുവടെ നല്കുന്നു.

1) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് രൂപീകരണ ഫോറം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) സുലേഖ ചെലവ് പത്രിക പ്രകാരം ടി പദ്ധതി നടപ്പിലാക്കിയതിന്റെ ആകെ ചെലവ് 9,30,000/- രൂ. ആണ്. എന്നാൽ 8,70,000/- രൂപയുടെ (29 പേർക്ക് രൂ. 30000/- നിരക്കിൽ നൽകിയത്) TR-59(E) ബിൽ, അനുബന്ധ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്.

3) സ. ഉ.(എം. എസ്.) നം. 115/2022/തസ്വഭവ, തീയതി 28.05.2022 സബ്സിഡി, ധനസഹായം എന്നിവ സംബന്ധിച്ചുള്ള മാർഗരേഖ ഖണ്ഡിക 6.3(1) മാനദണ്ഡം 3 പ്രകാരം വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനായും നിർവഹണ ഉദ്യോഗസ്ഥൻ കൺവീനറുമായി ഗുണഭോക്താക്കളിൽ നിന്ന് അഞ്ച് പേരെക്കൂടി ഉൾപ്പെടുത്തി ഒരു പർച്ചേസ് കമ്മിറ്റി

രൂപീകരിക്കണമെന്ന് നിർദ്ദേശമുണ്ടെങ്കിലും പർച്ചേസ് കമ്മിറ്റി രൂപീകരിച്ചതിന്റെയോ മിനിട്ട്സിന്റെയോ രേഖകളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

4) സബ്സിഡി മാർഗരേഖ ഖണ്ഡിക 6.3(1) മാനദണ്ഡം 2 പ്രകാരം കുറഞ്ഞത് മൂന്ന് വർഷമെങ്കിലും ഉരുക്കളെ വളർത്തുമെന്ന് ഗുണഭോക്താക്കൾ കരാർ ചമയ്ക്കണമെന്നുണ്ടെങ്കിലും ചുവടെ സൂചിപ്പിച്ചിരിക്കുന്ന ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

| ക്രമ നം. | വാർഡ് നം. | ഗുണഭോക്താവിന്റെ പേര് |
|---|---|---|
| 1 | 3 | രേവതി |
| 2 | 16 | സുനിൽ എൻ. |
| 3 | 11 | മിനിപ്രസാദ് |
| 4 | 18 | ഷൈല എസ്. |
| 5 | 22 | സിന്ധു |
| 6 | 32 | ചന്ദ്രിക |
| 7 | 29 | വിനീത |
| 8 | 32 | തങ്കമണി അമ്മ |
| 9 | 23 | ഐഷ ഉമ്മ |
| 10 | 30 | ജോയി വി. |
| 11 | 22 | സി. വിജയൻ നായർ |

5) TR59(E) ബിൽ പ്രകാരമുള്ള Beneficiary Details, ലഭ്യമാക്കിയ അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ധനസഹായം ലഭ്യമായിട്ടുള്ള ചില ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങളിൽ പൊരുത്തക്കേടുകളുണ്ടെന്ന് വ്യക്തമായി. വിശദാംശം ചുവടെ,

| തുക കൈപ്പറ്റിയ ആളിന്റെ പേര് | നൽകിയ തുക | TR59(E) ബിൽ പ്രകാരമുള്ള IFSC, അക്കൗണ്ട് നം. | പരിശോധനയ്ക്ക് ലഭ്യമാക്കിയ പാസ്സ്ബുക്കിന്റെ പകർപ്പ് പ്രകാരമുള്ള IFSC, അക്കൗണ്ട് നം. |
|---|---|---|---|
| ടീസ* | 30000 | IOBA000339, 033901000018154 | KLGB0040351, 40351101068515 |
| റാസി | 30000 | IOBA000339, 033901000011580 | SBIN0070048, 42642410404 |

*വിലച്ചീട്ട് പ്രകാരം ഗുണഭോക്താവായ സുനിൽ എൻ. ന് പശുവിനെ നൽകി സബ്സിഡി തുകയായ 30,000/- രൂപ കൈപ്പറ്റിയത് ടീസ എന്ന വ്യക്തിയാണെങ്കിലും TR59(E) ബിൽ പ്രകാരമുള്ള Beneficiary Details പ്രകാരം Beneficiary Name നിസ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 28/10.03.2026ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് ഫോറം, ചെലവിന്റെ അനുബന്ധരേഖകൾ, ഗുണഭോക്താക്കളുമായി കരാറിലേർപ്പെട്ടതിന്റെ വിവരങ്ങൾ, ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടുകളുടെ വിവരത്തിൽ ഉണ്ടായ പൊരുത്തക്കേടിന്റെ വിശദീകരണം എന്നിവ ലഭ്യമാക്കേണ്ടതാണ്. പരിശോധനയ്ക്ക് ലഭ്യമാക്കാത്ത ചെലവ് രേഖകളുടെ തുകയായ 60,000/- രൂപ, പൊരുത്തക്കേടുള്ള ബാങ്ക് അക്കൌണ്ടുകളിലേക്ക് നൽകിയ ഗുണഭോക്തൃ വിഹിതമായ 60,000/- രൂപ എന്നിവ ഉൾപ്പെടെ ആകെ 1,20,000/- രൂപയുടെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 വിൻട്രോകം-പ്രോസസിംഗ്-ഡി-വാട്ടേഡ് സിസ്റ്റം - പ്രവൃത്തി ഉപേക്ഷിച്ച നിലയിൽ – 6,62,417/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വിൻട്രോകം-പ്രോസസിംഗ്-ഡി-വാട്ടേഡ് സിസ്റ്റം ഇൻ വാർഡ് നം. 10 |
| പ്രോജക്ട് നമ്പർ | 310/2024-25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| പ്രോജക്ട് തുക | 65,00,000/-രൂപ |
| ചെലവ് | 6,62,417/- രൂപ (CFC + Tied Grant) |

| | |
|---|---|
| ബിൽ നമ്പർ/തീയതി | 482/01.03.2025 – 6,62,417/- രൂപ |

നഗരമാലിന്യം ആധുനീകവും കേന്ദ്രീകൃതവുമായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യുവാനായി ആവിഷ്കരിച്ച പദ്ധതിയാണിത്. മേൽ പദ്ധതിക്കായി ഇ-ടെണ്ടർ ചെയ്യുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ പ്രസാദുമായി 16.01.2024 ൽ കരാറിലേർപ്പെട്ടിരുന്നു. ഇതനുസരിച്ച് 7 മാസത്തിലുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ബെയ്സ്മെന്റ് വരെയുള്ള പ്രവൃത്തി ചെയ്ത് ആദ്യ ബില്ലായി 6,62,417/- രൂപ പിൻവലിച്ച് കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പ്രവൃത്തി പൂർണ്ണമായും നിലച്ചിരിക്കുകയാണ്.

10.03.2026 ൽ ഓഡിറ്റ് ടീം നടത്തിയ പ്രദേശിക പരിശോധനയിൽ ബെയ്സ്മെന്റ് പൂർത്തിയാക്കി ലിന്റിൽ ലെവൽ വരെ ചില ബീമുകളും ചെയ്തിട്ടുള്ളതായി കണ്ടു. എന്നാൽ തുടർന്നുള്ള പ്രവൃത്തികൾ ചെയ്യാതെ പദ്ധതി ഉപേക്ഷിച്ചതായി പരിശോധനയിൽ ബോധ്യപ്പെട്ടു. പ്രവൃത്തി ഉപേക്ഷിച്ചതിനാൽ ഭാഗികമായി പ്രവൃത്തി നിർവ്വഹിക്കുന്നതിനായി ചെലവഴിച്ച 6,62,417/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതിയുടെ തുടർ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-29 കൗൺസിൽ ഹാൾ നവീകരണം - വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല – 47 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | നഗരസഭ കൗൺസിൽ ഹാൾ നവീകരണം |
| പ്രോജക്ട് നമ്പർ | 306/2024-25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| എസ്റ്റിമേറ്റ് തുക | 1.04 കോടി |
| ചെലവഴിച്ച തുക | 55,82,983/- രൂപ |
| ബിൽ നമ്പർ/തീയതി | 1) 255/24.12.2024 413195/- (Development Fund)<br>2) 699/26.03.2025 – 4,69,788/- (CFC Fund)<br>3) 711/28.03.2025 – 47 ലക്ഷം രൂപ (CFC Untied) |

മുൻസിപ്പൽ കൗൺസിൽ ഹാളിന്റെ നവീകരണവുമായി ബന്ധപ്പെട്ട ഇലക്ട്രിക് വർക്കുകൾ PWD മുഖാന്തിരം നിർവ്വഹിക്കുന്നതിന് 24.02.2025 ലെ നഗരസഭാ കൗൺസിലിന്റെ 1 (1) നം. തീരുമാനപ്രകാരം ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയായ 47 ലക്ഷം രൂപ 28.03.25 ൽ PWD ഇലക്ട്രോണിക്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിരുന്നു. ഫയൽ പരിശോധിച്ചതിൽ, ഈ പ്രവൃത്തിയുടെ മറ്റ് വിവരങ്ങളോ വിനിയോഗ സർട്ടിഫിക്കറ്റോ ലഭ്യമല്ല. വിനിയോഗ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ PWD യ്ക്ക് ഇലക്ട്രിക് വർക്കുകൾ ചെയ്യുന്നതിനായി ഡെപ്പോസിറ്റ് ചെയ്ത 47 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം, കൃത്യമായ ഫൈൻ ഈടാക്കുന്നില്ല

1)

| | |
|---|---|
| പദ്ധതിയുടെ പേര് | അയ്യപ്പൻ വിളാകം റോഡ് കോൺക്രീറ്റിംഗ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 244/24-25 |
| അടങ്കൽ | 3,90,000/-മെയിന്റനൻസ് ഫണ്ട് (റോഡ്) |
| ചെലവ് | 3,67,340/- |
| കരാറുകാരൻ | കിരൺ.എ.എസ് |
| എം ബുക്ക് നം /വർക്ക് കോഡ് | 34294 |
| ബിൽ നം | 266974/-353/5.2.25<br>100366/-658/25.3.25 |
| പൂർത്തീകരണ കാലാവധി | 6 മാസം |
| കരാർ തുക | 3,22,702/- |

അയ്യപ്പൻ വിളാകം റോഡ് റീ കോൺക്രീറ്റിംഗിനായി ശ്രീ.,കിരൺ എന്ന കരാറുകാരനുമായി 18.8.2023ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 28.8.2023ന് സൈറ്റ് കൈമാറിയിട്ടുണ്ട്. 6മാസ പൂർത്തീകരണ കാലാവധി പ്രകാരം 27.2.2024ന് പ്രവൃത്തി

പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ കരാറുകാരൻ യഥാസമയം നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തതിനാൽ 13.3.2024ന് ടിയാന് നോട്ടീസ് നൽകിയിട്ടുണ്ട്. 28.01.2025നാണ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. കരാറുകാരനിൽ നിന്നും 10267/- രൂപ മാത്രമാണ് ഫൈനായി ഈടാക്കിയിട്ടുള്ളത്. കൃത്യമായ ഫൈൻ ഈടാക്കാത്തതിന് കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/09.03.2026ന് മറുപടിയായി പിഴത്തുകയുടെ കുറവ് കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2)

| | |
|---|---|
| പദ്ധതിയുടെ പേര് | ആലുവിളാകം തൊട്ടുവേ റോഡ് കോൺക്രീറ്റിംഗ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 246/24-25 |
| അടങ്കൽ | 2,18,000/- മെയിന്റനൻസ് ഫണ്ട് റോഡ് |
| ചെലവ് | 1,87,039/- |
| കരാറുകാരൻ | കിരൺ എ.എസ്. |
| എം ബുക്ക് നം /വർക്ക് കോഡ് | 26854 |
| ബിൽ നം | 187039/-657/25.3.25 |
| പൂർത്തീകരണ കാലാവധി | 6 മാസം |
| കരാർ തുക | 1,82,556/- |

ആലുവിളാകം തൊട്ടുവേ റോഡ് കോൺക്രീറ്റിംഗിനായി ശ്രീ.കിരൺ എന്ന കരാറുകാരനുമായി 18.8.2023ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 28.8.2023ന് സൈറ്റ് കൈമാറിയിട്ടുണ്ട്. 6മാസ പൂർത്തീകരണ കാലാവധി പ്രകാരം 27.2.2024ന് പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ കരാറുകാരൻ യഥാസമയം നിർമ്മാണ പ്രവർത്തി ആരംഭിക്കാത്തതിനാൽ 07.02.2024ന് ടിയാന് നോട്ടീസ് നൽകിയിട്ടുണ്ട്. 22.03.2025നാണ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. കരാറുകാരനിൽ നിന്നും 5421/- രൂപ മാത്രമാണ് ഫൈനായി ഈടാക്കിയിട്ടുള്ളത്.(ഓഡിറ്റ് എൻക്വയറി നം -13/09.03.2026)

GO (P) 13/2012/PWD/01.02.2012 പി.ഡബ്ല്യൂ.ഡി മാനുവലിലെ സെക്ഷൻ 2112.1 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. മേൽ പ്രവൃത്തിയിൽ പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ ഒന്നും പാലിച്ചിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും കരാറുകാരിൽ നിന്നും കൃത്യമായ ഫൈൻ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-31 റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗം പ്രോത്സാഹിപ്പിക്കണം

ചീഫ് എൻജിനീയറുടെ 01.12.2023 ലെ LSGD/PD/30873/2023-DB3 സർക്കുലർ പ്രകാരം റോഡ് ടാറിംഗ് പ്രവൃത്തികളിൽ നിശ്ചിത ശതമാനം ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വർക്കല മുനിസിപ്പാലിറ്റിയിൽ 2024-25 വർഷം റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടില്ല. 2025-26 വർഷത്തെ പ്രവർത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതാണെന്നും മാടൻ നട കരയോഗം റോഡ് അറ്റകുറ്റപ്പണിക്ക് ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ചിട്ടുള്ളതായും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം -15/09.03.2026).

ചീഫ് എൻജിനീയറുടെ സർക്കുലർ പ്രകാരം റോഡ് ടാറിംഗ് പ്രവൃത്തികളിൽ നിശ്ചിത ശതമാനം ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 ടാറിംഗ് പ്രവർത്തികളിൽ Mix Seal Surfacing ഉപയോഗപ്പെടുത്തേണ്ടതാണ്

ചീഫ് എൻജിനീയറുടെ 17.08.2022 ലെ ഡിബി1/1966/21/സിഇ/എൽ.ഐ.ഡി & ഇ ഡബ്ല്യൂ സർക്കുലർ പ്രകാരം ട്രാഫിക് സാന്ദ്രത 2 MSA ക്ക് താഴെയുള്ള റോഡുകൾക്ക് MORD 5.11.1.A.2a/75.5.11.1.1.A.2pb പ്രകാരം Mix Seal Surfacing - Manual Means - എന്ന പ്രവൃത്തി നിർവ്വഹിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ റോഡ് ടാറിംഗ് പ്രവൃത്തികൾ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികളിലും കുറഞ്ഞ നിരക്കിലുള്ള Mix Seal Surfacing എന്ന പ്രവൃത്തിക്ക് പകരം 20mm ചിപ്പിംഗ് കാർപ്പറ്റ്,സീൽ കോട്ട് എന്നീ പ്രവൃത്തികളാണ് നിർവ്വഹിച്ചിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്. Mix Seal Surfacing ഉപയോഗിക്കാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം -15/09.03.2026ന് മറുപടി

ലഭ്യമാക്കിയിട്ടില്ല.

Mix Seal Surfacing ഉപയോഗിച്ച് ടാറിംഗ് ചെയ്യുന്ന റോഡുകൾ സ്ഥിരതയുള്ളതും വേഗത്തിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുന്നതും പരിപാലന ചെലവ് കുറയ്ക്കുകയും ചെയ്യുന്നതിനാൽ ടാറിംഗ് പ്രവർത്തികളിൽ Mix Seal Surfacingകൂടുതലായി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.
മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്- 13.01.2010 ലെ 58608/ഡി.ബി2/09) നിഷ്കർഷിച്ചിട്ടുള്ളതാണ്.
മുനിസിപ്പാലിറ്റിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയോ സെക്രട്ടറിയും എൽ.എസ്.ജി.ഡി. എൻജിനീയറും സാക്ഷ്യപ്പെടുത്തിയോ സൂക്ഷിക്കുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -45/12.03.2026ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-34 മുനിസിപ്പൽ ടൌൺ ഹാൾ നവീകരണ പ്രവൃത്തി

| | |
|---|---|
| പദ്ധതിയുടെ പേര് | ടൗൺ ഹാൾ പൂർത്തീകരണ പ്രവർത്തികൾ |
| പദ്ധതി നമ്പർ | 332/25 |
| അടങ്കൽ | 2400000/-ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | 1916103/- |
| കരാറുകാരൻ | പി.ആർ.മോഹനകുമാർ |
| കരാർ തീയതി | 22.11.2023 |
| നിർമ്മാണം പൂർത്തിയായ തീയതി | 30.3.2024 |

വർക്കല മുനിസിപ്പൽ ടൗൺ ഹാളിന്റെ നവീകരണ പ്രവർത്തികളുടെ പൂർത്തീകരണത്തിനായി 2023-24 വർഷം പ്രോജക്ട് നമ്പർ 166/24 ആയി രൂപീകരിച്ച പദ്ധതി, സ്പിൽ ഓവർ പദ്ധതിയായി 2024-25 വർഷം പൂർത്തിയാക്കുകയുണ്ടായി. മുനിസിപ്പൽ ടൌൺ ഹാളിന്റെ നവീകരണ പ്രവർത്തികൾക്കായി മുനിസിപ്പൽ എഞ്ചിനീയർ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി നാളിതുവരെ നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടെ വിവരം, നാളിതുവരെ നവീകരണത്തിനായി ചെലവാക്കിയ തുകയുടെ വിവരം, ടൌൺ ഹാളിന്റെ നവീകരണ പ്രവർത്തികൾ പൂർത്തിയാക്കി പ്രവർത്തനസജ്ജമായിട്ടുണ്ടോ മുതലായ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം. -44/12.03.2026ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 12.03.2026ന് നടത്തിയ സ്ഥലപരിശോധനയിൽ ടൌൺ ഹാളിന്റെ ചുവരുകളിലെ ജിപ്സം പാനലിംഗ് പല സ്ഥലത്തും പൊട്ടിയിരിക്കുന്നതായി കാണപ്പെട്ടു. ടൌൺ ഹാൾ നവീകരണ പ്രവർത്തികളുടെ വിശദമായ ചെലവ് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും തകരാർ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതുമാണ്.

## 1-35 വർക്കല ഗവ ഹയർ സെക്കന്ററി സ്കൂളിന് ശബ്ദസംവിധാനം പദ്ധതി -അപാകതകൾ

| | |
|---|---|
| പദ്ധതി നം ,പേര് | SO 385/25 വർക്കല ഗവ ഹയർ സെക്കന്ററി സ്കൂളിന് ശബ്ദസംവിധാനം |
| അടങ്കൽ തുക | 300000/- വികസന ഫണ്ട് ജനറൽ |

| | |
|---|---|
| ചെലവ് തുക | 291125/- |
| ബിൽ നം തീയതി | 24010647007701558396 തീയതി 17.3.25 |
| നിർവ്വഹണം | സെക്രട്ടറി |

വർക്കല ഗവ ഹയർസെക്കന്ററി സ്കൂളിന് ശബ്ദ സംവിധാനം ഒരുക്കുന്നതിന് വേണ്ടിയാണ് പദ്ധതി തയ്യാറാക്കിയത്. ആംപ്ളിഫയർ, സ്പീക്കർ, തുടങ്ങി ശബ്ദ സംവിധാനം ഒരുക്കുന്നതിന് വേണ്ടിയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്ക് 21.1.25 തീയതിയിൽ ടെണ്ടർ ക്ഷണിച്ചെങ്കിലും SAK PRO Audio എന്ന സ്ഥാപനം മാത്രമാണ് ടെണ്ടറിൽ പങ്കെടുത്തത്. 3.2.25 ൽ പ്രസ്തുത സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ സാധനങ്ങളുടേയും ഇൻസ്റ്റലേഷന്റേയും ചാർജ്ജായി ആകെ 276625/- രൂപയാണ് രേഖപ്പെടുത്തിയിരുന്നത്.എന്നാൽ ടെണ്ടറിൽ ഒരാൾ മാത്രം പങ്കെടുത്തതിനാൽ വീണ്ടും 6.2.25 ൽ റീ ടെണ്ടർ വിളിച്ചെങ്കിലും SAK PRO Audio എന്ന സ്ഥാപനം മാത്രമാണ് രണ്ടാമതും ടെണ്ടറിൽ പങ്കെടുത്തത്.പ്രസ്തുത സ്ഥാപനം 17.2.25ൽ സമർപ്പിച്ച ടെണ്ടറിൽ അതേ സാധനങ്ങൾക്ക് 291125/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് തുക നല്കിയിട്ടുണ്ട്. എന്നാൽ രണ്ട് പ്രാവശ്യം നല്കിയ ടെണ്ടറിൽ രണ്ട് തുകയാണ് രേഖപ്പെടുത്തിയിരുന്നതെങ്കിലും കുറഞ്ഞ തുകയ്ക്ക് ടെണ്ടർ ലഭിക്കാൻ വേണ്ടി പ്രസ്തുത സ്ഥാപനവുമായി നെഗോസിയേഷൻ നടത്തിയതായി കാണുന്നില്ല.

സർക്കുലർ നം SPD -A2/9/2022/SPD തീയതി 9.5.22 ഉത്തരവ് പ്രകാരം 25000/- രൂപയിൽ കൂടുതൽ വരുന്ന പർച്ചേസുകൾ GEM വഴിയാണ് വാങ്ങേണ്ടത്. എന്നാൽ പ്രസ്തുത സാധനങ്ങൾ GEM വഴി വാങ്ങാൻ നടപടി സ്വീകരിച്ചിട്ടില്ല. കൂടാതെ 2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നം. നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം. 65/39/2018 DOR എന്നിവ പ്രകാരം 250000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. എന്നാൽ മേൽ പദ്ധതി പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ സ്രോതസിൽ നിന്നും കുറവ് ചെയ്ത് (TDS) ഒടുക്കിയതായി കാണുന്നില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (42/ 12.3.26) മേൽ സൂചിപ്പിച്ച സ്ഥാപനം ജി.എസ്.ടി ഈടാക്കിയത് സംബന്ധിച്ച വിശദാംശം സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ടെണ്ടർ സമർപ്പിച്ചപ്പോൾ തുകകൾ തമ്മിലുള്ള വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്നും മറുപടി ലഭ്യമാക്കി. ഇത്തരം അപാകതകകൾ ആവർത്തിക്കാതിരിക്കേണ്ടതും മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനം ജി എസ് ടി ഒടുക്ക വരുത്തിയതിന്റെ വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-36 ഷീലോഡ്ജിലേക്ക് ഫർണിച്ചർ വാങ്ങൽ- പർച്ചേസ് നടത്തി ഒരു വർഷം പൂർത്തിയാക്കിയിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 79/24-25 | |
| പ്രോജക്ടിന്റെ പേര് | ഷീ ലോഡ്ജിന് ആവശ്യമായ ഫർണിച്ചർ വാങ്ങൽ | |
| അടങ്കൽ | 583682 | വികസന ഫണ്ട് ജനറൽ |
| | 537818 | ധനകാര്യ കമ്മിഷൻ ഗ്രാന്റ് |
| | 1121500 | |
| ചെലവ് | 583682 | വികസന ഫണ്ട് ജനറൽ |
| | 291563 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | 875245 | |
| ബിൽ നമ്പർ | 583682 | 636/22-03-2025 |
| | 291653 | 654/24-03-2025 |
| നിർവ്വഹണം | സെക്രട്ടറി | |

മുനിസിപ്പാലിറ്റികളിൽ പ്രവർത്തിക്കുന്ന ഷീലോഡ്ജിന് ആവശ്യമായ പ്രവർത്തിപ്പിക്കാനുള്ള ഇന്റീരിയർ ഫർണിഷിംഗ്

ചെയ്യുന്നതിനായാണ് പ്രസ്തുത പ്രോജക്ട് ആവിഷ്കരിച്ചത്. മേൽ പരാമർശിക്കും പ്രകാരം വിവിധ ബില്ലുകൾ പ്രകാരം ആകെ 8,75,245/- രൂപ ആർട്കോയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഷീ ലോഡ്ജിന്റെ സിവിൽ വർക്കുകൾ 2022-23 സാമ്പത്തിക വർഷം പൂർത്തീകരിച്ച് എഞ്ചിനീയറിംഗ് സെക്ഷന് 2022-23 സാമ്പത്തിക വർഷം കൈമാറിയിട്ടുള്ളതാണ്. നിർമ്മാണത്തിനായി ആകെ 34,97,351/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഷീ ലോഡ്ജ് നാളിതുവരെ പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. ഇതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.11/07.03.2026) യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇക്കാര്യം രേഖപ്പെടുത്തിയിട്ടില്ല. ഷീ ലോഡ്ജ് പ്രവർത്തിപ്പിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 എസ്.എസ്.കെ വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നമ്പർ | 32 | |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.കെ വിഹിതം നൽകൽ | |
| അടങ്കൽ | 200000 | |
| ചെലവ് | 200000 | |
| ഫണ്ടിനം | വികസന ഫണ്ട് ജനറൽ | |
| ബിൽ നമ്പർ | 160000 | 247/06-01-2025 |
| | 40000 | 579/16-03-2025 |
| | 200000 | ആകെ |
| നിർവ്വഹണം | സെക്രട്ടറി | |

എസ്.എസ്.കെ യ്ക്ക് വിഹിതം നൽകുന്നതിനായാണ് പ്രോജക്ട് ആവിഷ്കരിച്ചത്. മേൽ പരാമർശിക്കും പ്രകാരം വിവിധ ബില്ലുകൾ പ്രകാരം പ്രോജക്ട് കോ ഓർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് 2,00,000/-രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ എസ്.എസ്.കെ യിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ നമ്പർ 10/07-03-2026) മറുപടി ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കുന്നത് വരെ 200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-38 ടൗൺ ഹാളിലേക്ക് ഫർണിച്ചർ-നടപടിക്രമങ്ങളിലെ വീഴ്ച

| | |
|---|---|
| പ്രോജക്ട് നമ്പർ | 328/24-25 |
| പ്രോജക്ടിന്റെ പേര് | ടൗൺ ഹാളിലേക്ക് ഫർണിച്ചർ |
| അടങ്കൽ | 20,00,000/-രൂ. |
| ചെലവ് | 8,69,550/-രൂ. |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ബിൽ നമ്പർ | 717/29-03-2025 |
| നിർവ്വഹണം | സെക്രട്ടറി |

ടൗൺ ഹാളിലേക്ക് ഫർണിച്ചർ വാങ്ങുന്നതിലേയ്ക്കായാണ് പ്രോജക്ട് ആവിഷ്കരിച്ചത്. പ്രോജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാതകൾ ചുവടെ ചേർക്കുന്നു.

എ) സ്റ്റോർ പർച്ചേസ് മാന്വലിലെ ഖണ്ഡിക 6.1 പ്രകാരം ഓരോ സാമ്പത്തിക വർഷാവസാനവും അടുത്ത സാമ്പത്തിക വർഷത്തേക്ക് ആവശ്യമായ സാധനങ്ങളുടെ പട്ടിക തയ്യാറാക്കേണ്ടതാണ്. കഴിഞ്ഞ 3 മുതൽ 5 വരെയുള്ള വർഷങ്ങളിലെ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കേണ്ടതാണ്. ഖണ്ഡിക 7.33 പ്രകാരം സാമ്പത്തിക വർഷാവസാനം തിരക്ക് പിടിച്ച ടെണ്ടറുകൾ ഒഴിവാക്കേണ്ടതാണ്. എന്നാൽ മേൽ പ്രോജക്ടിന്റെ പർച്ചേസ് സംബന്ധിച്ച നടപടിക്രമങ്ങൾ 04-01-2025 ൽ മാത്രമാണ് ആരംഭിച്ചത്.

ബി) ഖണ്ഡിക 7.33 (Iii) കൂടിയ അളവിലുള്ള വിതരണത്തിന് ലഭിക്കുന്ന മത്സരാധിഷ്ഠിത നിരക്കിന്റെ ആനുകൂല്യം ഉറപ്പാക്കുന്നതിനായി ഒരേ തരത്തിലുള്ള വസ്തുക്കളുടെ ആവശ്യം ഒരുമിച്ച് കണക്കാക്കി ടെണ്ടർ ക്ഷണിക്കേണ്ടതാണ്. സമാനമായ പർച്ചേസ് നടത്തിയ ഷീ ലോഡ്ജ് പ്രവർത്തിപ്പിക്കുന്നതിനായുള്ള ഇന്റീരിയർ ഫർണിഷിംഗ് എന്ന പ്രോജക്ടിൽ (പ്രോജക്ട് നമ്പർ SOO79/25 ) ഭൂരിഭാഗവും ഫർണിച്ചറുകളുടെ പർച്ചേസ് ആണ് നടത്തിയിരിക്കുന്നത്. സ്റ്റോർ പർച്ചേസ്

മാന്വലിലെ ഖണ്ഡിക 7.33 പ്രകാരമുള്ള നടപടി ഇക്കാര്യത്തിൽ സ്വീകരിക്കാതിരുന്നതിന് കാരണം വ്യക്തമല്ല.

സി) ജെം പോർട്ടൽ പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ നിന്നും Ms/- ജാസൺ ട്രേഡേഴ്സ് , കോയിക്കര ബിസിനസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറുകളാണ് അംഗീകരിച്ച് പേയ്മെന്റ് നടത്തിയിരിക്കുന്നത്. പ്രസ്തുത സ്ഥാപനങ്ങൽ സമർപ്പിച്ച ടെണ്ടറുകൾക്ക് പ്രൊക്വയർമെന്റ് കമ്മിറ്റിയുടെയോ കൗൺസിലിന്റെയോ അംഗീകാരം ലഭിച്ചതിന്റെ വിശദാംശം ഫയലിൽ ലഭ്യമല്ല.

ഡി) പ്രസ്തുത സ്ഥാപനങ്ങൾ സമർപ്പിച്ച ബില്ലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജി,എസ്.ടി കിഴിച്ചുള്ള തുക | ജി,എസ്.ടി തുക | ആകെ ബിൽ തുക |
|---|---|---|---|---|
| 1 | കോയിക്കര ബിസിനസ് കോർപ്പറേഷൻ | 228433.5 | 41118.04 | 269552 |
| 2 | Ms ജാസോസ് ട്രേഡേഴ്സ് | 557600 | 100368 | 657968 |

Ms/- ജാസോസ് ട്രേഡേഴ്സ് എന്ന സ്ഥാപനത്തിന് തുക അനുവദിച്ച് നല്കിയപ്പോൾ 5,57,600/- രൂപയുടെ 2% GST റ്റി.ഡി.എസ്. തുക ആയ 11,152/- രൂപ ഡിഡക്ട് ചെയ്യാതെ മുഴുവൻ തുകയും അനുവദിച്ച് നൽകിയിരിക്കുന്നു.

മേൽ അപാകതയിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/07-03-2026) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-39 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ- കെ.എസ്.ഇ.ബിയ്ക്ക് കൈമാറിയ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. 20,08,322/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

എ)

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 213/24-25 | |
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | |
| അടങ്കൽ | 648064 | |
| ചെലവ് | 612996 | |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | |
| ബിൽ നമ്പർ | 266177 | 408/14-02-2025 |
| | 346819 | 409/14-02-2025 |
| | 612996 | |

ബി)

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 368/24-25 | |
| പ്രോജക്ടിന്റെ പേര് | വർക്കല നഗരസഭ പരിധിയിലെ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | |
| അടങ്കൽ | 1400000 | |
| ചെലവ് | 1395326 | |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ അവാർഡ് | |
| ബിൽ നമ്പർ | 1395326 | 530/11-03-2025 |

മേൽ പ്രോജക്ടുകൾ പ്രകാരം നഗരസഭയിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനായി ആകെ 2008322 രൂപ കെ.എസ്.ഇ.ബി യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രോജക്ടുകളുടെ പൂർത്തീകരണ വിവരം, പ്രവർത്തന പുരോഗതി എന്നിവ സംബന്ധിച്ച് ഫയലിൽ രേഖപ്പെടുത്തലില്ല. പൂർത്തീകരണ സാക്ഷ്യപത്രവും ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 19/09-03-2026) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ 20,08,322/- രൂപയുടെ ചെലവ്

തടസ്സപ്പെടുത്തുന്നു. പ്രോജക്ടിന്റെ പൂർത്തീകരണ വിവരം , വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-40 അർബൻ ഹെൽത്ത് ആന്റ് വെൽനസ് സെന്റർ പ്രവർത്തിക്കുന്ന കെട്ടിടത്തിന് വാടക- ആദായ നികുതി ഈടാക്കിയില്ല - വാടകക്കരാർ ഹാജരാക്കിയില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 358/24-25 | |
| പ്രോജക്ടിന്റെ പേര് | അർബൻ ഹെൽത്ത് ആന്റ് വെൽനസ് സെന്റർ പ്രവർത്തിക്കുന്ന കെട്ടിടത്തിന് വാടക | |
| നിർവ്വഹണം | സെക്രട്ടറി | |
| അടങ്കൽ | 12,51,750/-രൂപ | |
| ചെലവ് | 3,50,000/-രൂപ | |
| ഫണ്ടിനം | ഹെൽത്ത് ഗ്രാന്റ് | |
| ബിൽ നമ്പർ | 1,75,000/- | 652/24-03-2025 |
| | 1,75,000/- | 720/29-03-2025 |
| | 3,50,000/- | |

അർബൻ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളായി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക ഇനത്തിൽ ശ്രീ. സപ്രുനാരായണൻ എന്ന വ്യക്തിക്ക് മേൽ പരാമർശിക്കും ബില്ലുകൾ പ്രകാരം 3,50,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 1961 ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194-I പ്രകാരം കെട്ടിടം വാടകയ്ക്ക് എടുക്കുമ്പോൾ നൽകേണ്ട വാടക തുകയിൽ നിന്നും ആദായ നികുതി TDS ഈടാക്കേണ്ടതാണ്. എന്നാൽ വാടകയിൽ നിന്നും ആദായ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ് ഒപ്പം ശ്രീ. സപ്രുനാരായണനുമായി ചമച്ച കരാർ, വാലുവേഷൻ രേഖകൾ, ഇതുമായി ബന്ധപ്പെട്ട കൗൺസിൽ തീരുമാനങ്ങൾ എന്നിവയും ലഭ്യമാക്കേണ്ടതാണ്. ഇവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ നമ്പർ 20/09-03-2026) മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കേണ്ടതും, കരാർ, വാല്യുവേഷൻ രേഖകൾ, കൗൺസിൽ തീരുമാനങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-41 നിലവിലെ ചവർ സംസ്കരണ പ്ലാന്റിന് സമീപമുള്ള ഭൂമി വാങ്ങൽ - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല . 13,65,498/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 210/24-25 |
| പ്രോജക്ടിന്റെ പേര് | നിലവിലെ ചവർ സംസ്കരണ പ്ലാന്റിന് സമീപമുള്ള ഭൂമി വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 13,65,498/- |
| ചെലവ് | 13,65,498/- |
| ഫണ്ടിനം | വികസന ഫണ്ട് ജനറൽ |
| ബിൽ നമ്പർ | 04/09-05-2024 |

വർക്കല നഗരസഭയുടെ ചവർ സംസ്കരണ പ്ലാന്റിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് സമീപമുള്ള വസ്തു ഉടമകളിൽ നിന്നും സൗജന്യമായോ വിലയ്ക്കോ ഭൂമി നൽകുവാൻ താൽപ്പര്യമുള്ളവരിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ചുകൊണ്ട് 12-03-2024 ൽ എ2-6130/2023 ആയി ടെണ്ടർ ക്ഷണിച്ചു. ഇതിലേക്ക് വിവിധ ഭൂവുടമകളിൽ നിന്നും താൽപ്പര്യപത്രം ലഭിച്ചതിൽ ശ്രീ രതകുമാറിന്റെ ഉടമസ്ഥതയിലുള്ള വർക്കല വില്ലേജിലെ ബ്ലോക്ക് നമ്പർ 197 ലെ സർവ്വേ നമ്പർ 84 ആയ 5.26 ആർ വസ്തുവിന്റെ വിലയായ 13,65,498/- രൂപ ശ്രീ രതകുമാറിന്റെ കുടുംബാംഗമായ ശ്രീമതി രമണി.സി എന്ന വ്യക്തിയുടെ പേർക്ക് മേൽ പരാമർശിക്കും പ്രകാരം കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന്റെ ഫയലിൽ കണ്ടെത്തിയ അപാതകൾ ചുവടെ ചേർക്കുന്നു.

എ) പ്രസ്തുത വസ്തു മാലിന്യ സംസ്കരണ പ്ലാന്റിന് അനുയോജ്യമാണോ എന്ന് ആരാഞ്ഞ് 04-03-2024 ന് എ2-366/2024 നമ്പർ കത്ത് സെക്രട്ടറി ജില്ലാ മെഡിക്കൽ ഓഫീസർക്ക് അയച്ചിട്ടുണ്ട്. എന്നാൽ ഇതിന് ലഭിച്ച മറുപടി ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

സി) പ്രസ്തുത ഭൂമിയുടെ Encumberance Cerrificate, തഹസിൽദാറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല

ഡി) ശ്രീ രതകുമാറിന്റെ കുടുംബാംഗങ്ങളായ ശ്രീമതി രമണി, ശ്രീ അനീഷ് ആർ, ശ്രീമതി അനില ആർ, ശ്രീ അരുൺ ആർ എന്നിവർ മാത്രമാണ് ശ്രീ രതകുമറിന്റെ കുടുംബാംഗങ്ങൾ എന്ന് തെളിയിക്കുന്ന ഫാമിലെ മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

ഇ) ശ്രീ. രതകുമാറിന്റെ ഉടമസ്ഥതിയിലുള്ള വസ്തു നഗരസഭയുടെ പേർക്ക് കൈമാറിയ വിലയാധാരത്തിന്റെ പകർപ്പ് പ്രോജക്ട് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

എഫ്) വർക്കല വില്ലേജിലെ ബ്ലോക്ക് നമ്പർ 197 ലെ സർവ്വേ നമ്പർ 84 ആയ 5.26 ആർ വസ്തു നഗരസഭയുടെ പേർക്ക് കൈമാറ്റം നടത്തി നഗരസഭയുടെ പേരിൽ കരം ഒടുക്കിയ രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

ജി) ഭൂമിയുടെ വില നിശ്ചയിച്ചുകൊണ്ടുള്ള തഹസീൽദാറുടെ സാക്ഷ്യപത്രവും ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

മേൽ അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25/10-03-2026) മറുപടി ലഭ്യമാക്കയില്ല. പ്രസ്തുത രേഖകൾ ഹാജരാക്കുന്നതുവരെ 13,65,498/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പരാർശിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. മേൽ രേഖകൾ രണ്ടു മാസത്തിനകം ഹാജരാക്കാത്ത പക്ഷം തുക നിരാകരിക്കുന്നതും ആയത് നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായിത്തീരുന്നതുമാണ്.

## 1-42 ഐ.കെ.എം വിഹിതം കൈമാറൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 3,95,423/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 31/24-25 |
| പ്രോജക്ടിന്റെ പേര് | ഐ.കെ.എം വിഹിതം കൈമാറൽ |
| അടങ്കൽ | 3,95,423/- |
| ചെലവ് | 3,95,423/- |
| ഫണ്ടിനം | വികസന ഫണ്ട് ജനറൽ |
| ബിൽ നമ്പർ | 70/06-08-2024 |

മുനിസിപ്പാലിറ്റിക്ക് നൽകിവരുന്ന ഓൺലൈൻ സേവനങ്ങൾക്കായി ഐ.കെഎമ്മിന് വിഹിതം നൽകുന്നതിനായാണ് പ്രോജക്ട് ആവിഷ്കരിച്ചത്. മേൽ പരാമർശിക്കും പ്രകാരം തുക കൈമാറിയെങ്കിലും ഐ.കെ.എമ്മിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് െൻക്വയറിക്ക് (നമ്പർ 06/06-03-2024) മറുപടി ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ ഐ.കെ.എമ്മിന് കൈമാറിയ 3,95,423/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-43 പി എം എ വൈ പദ്ധതി അവലോകനം

| ക്രമ നം. | ഡി.പി.ആർ നമ്പർ | സി.എസ്.എം.സി തീയതി | അംഗീകാരം ലഭിച്ചത് | കരാറിൽ ഏർപ്പെട്ട വരുടെ എണ്ണം | ഒന്നാം ഗഡു കൈപ്പറ്റിയവർ | രണ്ടാം ഗഡു കൈപ്പറ്റിയവർ | മൂന്നാം ഗഡു കൈപ്പറ്റിയർ | നാലാം ഗഡു കൈപ്പറ്റിയവർ | പ്രവൃത്തി പൂർത്തി യാക്കിയവർ | നാളിവരെ പ്രവൃത്തി പൂർത്തിയാ ക്കാത്തവർ |
|---|---|---|---|---|---|---|---|---|---|---|
| 1 | ബിഎൽസി.എൻ-വി.കെ.എൽ.എ 181 പി1 | 21-03-2017 | 181 | 181 | 175 | 174 | 172 | 172 | 172 | 194 |
| 2 | വികെഎൽഎ ബി എൽസി 123 പി 2 | 27-09-2017 | 115 | 115 | 115 | 111 | 109 | 108 | 108 | |
| 3 | ബിഎൽസിഎൻ -വികെഎൽഎ 28 പി3 | 30-10-2017 | 28 | 28 | 28 | 27 | 27 | 26 | 26 | |
| 4 | ബിഎൽസിഎൻ-വികെഎൽഎ 158 പി4 | 30-01-2019 | 158 | 158 | 158 | 143 | 136 | 127 | 127 | |
| 5 | വി.ക.എൽ.എ-ബി.എൽ.സി.എൻ 46-പി5 | 16-08-2021 | 46 | 37 | 37 | 28 | 25 | 17 | 17 | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 6 | വി.കെ.എൽ.എ-ബി എൽ സി.എൻ -122-പി 6 | 23-03-2022 | 122 | 118 | 118 | 98 | 98 | 56 | 56 |
| 7 | ബി.എൽ.സി.എൻ-വി.കെ.എൽ.എ-55-പി 7 | 18-11-2022 | 55 | 50 | 48 | 47 | 44 | 36 | 36 |
| 8 | വി.കെ.എൽ.എ-ബി.എൽ.സി.എൻ-51-പി 8 | 18-10-2023 | 51 | 42 | 40 | 29 | 25 | 16 | 16 |
| 9 | വി.കെ.എൽ.എ –ബി.എൽ.സി.എൻ 42 പി 9 | 04-03-2024 | 42 | 32 | 30 | 20 | 10 | 5 | 5 |

വിവിധ ഗഡു തുക കൈപ്പറ്റിയ ശേഷം പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കാത്തവരെക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കാനും നിരവധി തവണ നിർദ്ദേശം നൽകിയിട്ടും തുടർപ്രവർത്തനങ്ങൾ നടത്താത്തവരിൽ നിന്നും തുക തിരികെ ഈടാക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-44 അങ്കണവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തൽ കേന്ദ്രവിഹിതമായ തുക പൂർണ്ണമായും ചിലവഴിച്ചില്ല

സ. ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖ8.8.2 (1),(2) എന്നിവ പ്രകാരം പതിന്നാലാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്റ്റുകൾക്ക് പ്രാധാന്യം നൽകണമെന്ന് പറയുന്നു. കൂടാതെ എംജിഎൻആർഇജിഎസ്, ശിശുവികസന വകുപ്പ് എന്നിവയുമായി സഹകരിച്ച് എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും ആവശ്യപ്പെടുന്നു. തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പിന്റെ 3-9-2010 തീയതി യിലെ നമ്പർ 39033/ഡി.സി.2/2010ത.സ്വ.ഭ.വ സർക്കുലർ പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി പ്രോജക്റ്റുകൾക്ക് അംഗീകാരം നൽകണമെന്നും ആവശ്യപ്പെടുന്നുണ്ട്. വർക്കല നഗരസഭയുടെ അങ്കണവാടികളുടെ വിവരം ചുവടെ പറയും പ്രകാരമാണ്

| ക്രമ നമ്പർ | ഭൗതിക സാഹചര്യം | അങ്കണവാടികളുടെ എണ്ണവും അവയുടെ ക്രമ നംമ്പരും |
|---|---|---|
| 1 | സ്വന്തം കെട്ടിടമില്ലാത്തവ | 22എണ്ണം (ആകെ 41) |
| 2 | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 21എണ്ണം<br>1എണ്ണം (സ്കൂളിൽ പ്രവർത്തിക്കുന്നു) |
| 3 | ചുറ്റുമതിൽ ഇല്ലാത്തവ | സ്ഥിരകെട്ടിടങ്ങൾക്കെല്ലാം ഉണ്ട്, 2എണ്ണം പണി നടക്കുന്നു |
| 4 | ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്തവ | 18 (മൊത്തം 41) |

2024-25 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ അവശേഷിക്കുന്ന കേന്ദ്രവിഹിതമായ തുക 3310366/-(മുപ്പത്തിമൂന്ന് ലക്ഷത്തി പതിനായിരത്തി മുന്നൂറ്റി അറുപത്തിആറ് രൂപ) അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി പൂർണ്ണമായി ചിലവഴിച്ചില്ല ടി സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ കഴിഞ്ഞ ഭരണസമിതി വസ്തു കണ്ടെത്തിയതിൽഒരണ്ണെത്തിന് 2026-27വാർഷിക പദ്ധതിയിലുൾപ്പെടുത്തി കെട്ടിടനിർമ്മാണത്തിനായി പദ്ധതി

വകയിരുത്തിയിട്ടുണ്ട്, ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് വരും വർഷങ്ങളിൽ വസ്തു വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും പദ്ധതി ഏറ്റെടുക്കാമെന്ന് ഭരണസമിതി ഉറപ്പ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു.

വർക്കല ഒരു ടൂറിസം മേഖല ആയതിനാൽ അങ്കണവാടികൾക്ക് സ്ഥിരഭൂമി വാങ്ങാൻ വസ്തു ലഭ്യമാകുന്നില്ലായെന്ന വസ്തുതയും നിലനിൽക്കുന്നു. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി എല്ലാ അങ്കണവാടികൾക്കും ഫർണ്ണീച്ചറും മറ്റ് ആവശ്യ വസ്തുക്കളും ആവശ്യാനുസരണം നൽകിയിട്ടുണ്ടെന്നും 2024 -25ൽ രണ്ട് അങ്കണവാടികൾ ശിശുസൗഹൃദം ആക്കിയിട്ടുണ്ടെന്നും അറിയിച്ചു. വർക്കല നഗരസഭയിൽ 41 അങ്കണവാടികളിൽ 18 എണ്ണം പതിന്നാലാം പഞ്ചവത്സര പദ്ധതി പ്രകാരം വിഭാവന ചെയ്ത ബാലസൗഹൃദ അങ്കണവാടികളായി നാളിതുവരെ യാഥാർത്ഥമായില്ല. എല്ലാ അങ്കണവാടികൾക്കും ടോയ്‌ലറ്റ് ഉണ്ടെങ്കിലും എല്ലാ ടോയ്‌ലറ്റുകളും ബാലസൌഹൃദമല്ല നഗരസഭാ പരിധിയിലെ അംഗനവാടികളുടെ അടിസ്ഥാന ആവശ്യങ്ങളായ ടോയ്‌ലറ്റ്, സ്വന്തമായി കെട്ടിടം എന്നീ ആവശ്യങ്ങൾ പര്യാപ്തമല്ലാത്തിനാൽ സർക്കാർ നിർദ്ദേശാനുസരണം അതത് വർഷം ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് അംഗൻവാടിയുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് നഗരസഭ ഭരണസമിതിയുടെ ശ്രദ്ധ പതിയേണ്ടതാണ്.

## 1-45 ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്ക്കോളർഷിപ്പ് വിതരണത്തിലെ അപാകം

| | |
|---|---|
| പ്രോജക്ട് നമ്പർ | SOO7/25 |
| പ്രോജക്ടിന്റെ പേര് | ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്ക്കോളർഷിപ്പ് |
| അടങ്കൽ | 205000 (വികസനഫണ്ട് - ജനറൽ ) |
| ചെലവ് | 195900 |
| ബിൽ നമ്പർ | 1) 102/09.09.2024, 45000/-<br>2) 195/13.12.2024, 81000/-<br>3)312/28.01.2025, 49900/-<br>4) 540/14.03.2025, 20000/- |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

സ. ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖ8.8.2 (1),(2) എന്നിവ പ്രകാരം പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ ശാരീരിക പ്രയാസങ്ങൾ ഉള്ളവർക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് സ്കോളർഷിപ്പും ചലന വൈകല്യമുള്ളവർക്ക് യാത്രാ ബത്ത (സ്കൂളിൽ പോകുന്ന മാസങ്ങളിൽ മാത്രം) നൽകാവുന്നതാണ്. വർക്കല നഗരസഭയിലെ 23 പേർ ഉൾപ്പെടുന്ന ശാരീരിക പ്രയാസങ്ങളുള്ളവരുടെ ഗുണഭോക്തൃ പട്ടികയിൽ നിന്നും ചലന വൈകല്യമുള്ളവരായ 4 പേർക്ക് യാത്രാ ബത്ത നൽകിയതായി കണ്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ശാരീരിക വെല്ലുവിളികൾ നേരിടുന്ന ചലന വൈകല്യമുള്ള വിദ്യാർത്ഥികൾ

| ക്രമ നം. | പേര് | അർഹതപ്പെട്ട തുക(യാത്രാ ബത്ത ഉൾപ്പടെ) | വിതരണം ചെയ്തതുക | കുറവ് |
|---|---|---|---|---|
| 1. | അദിൽ നിസാർ | 12000 | 8000 | 4000 |
| 2. | പ്രതീഷ് ആർ | 12000 | 8000 | 4000 |
| 3. | ദിൽജിത്ത് | 13500 | 8000 | 5500 |
| 4. | അനാമിക | 17500 | 13500 | 4000 |
| | | | ആകെ കുറവ് | 17500 |

മേൽ വിദ്യാർത്ഥികൾക്ക് തുക കുറവായി നൽകാനുണ്ടായ സാഹചര്യവും, സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിരിക്കുന്ന പരമാവധി തുക വകയിരുത്താത്തതിന് കാരണവും വിശദികരിക്കാനായി നൽകിയ 10.3.2026തീയതിയിലെ അന്വേഷണ കുറിപ്പ് നം.35/26ന്റെ മറുപടിയിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ മേൽ സൂചിപ്പിച്ച വിദ്യാർത്ഥികൾ ചലന വൈകല്യം നേരിടുന്നവരല്ല ആയതിനാലാണ് യാത്രാ ബത്ത നൽകാത്തത് എന്ന് മറുപടി നൽകി എന്നാൽ അപേക്ഷ പരിശോധിച്ചതിൽ ടി വിദ്യാർത്ഥികൾ ചലനവൈകല്യം നേരിടുന്നവരാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ക്രമ നം. 3 ദിൽജിത്ത് എന്ന വിദ്യാർത്ഥിക്ക് അയാൾ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ചുള്ള സ്കോളർഷിപ്പും നൽകിയിട്ടില്ല ടി അപാകം പുന: പരിശോധിച്ച്

അർഹതയുള്ള പക്ഷം സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിരിക്കുന്ന പരമാവധി തുക സ്കോളർഷിപ്പായി നൽകേണ്ടതാണ്.

## 1-46 നഗരസഭ സെക്രട്ടറിക്ക് ഫ്ലാറ്റ് വാടകയിനത്തിൽ അധികമായി നൽകിയ 16,576/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

സ്വന്തമായി ക്വാർട്ടേഴ്സുകൾ ലഭ്യമല്ലാത്ത മുനിസിപ്പാലിറ്റി / കോർപ്പറേഷനുകളിലെ സെക്രട്ടറിമാർക്ക് വാടകയ്ക്ക് ക്വാർട്ടേഴ്സുകൾ ലഭ്യമാകുമ്പോൾ തനത് ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് തനത് ഫണ്ടിൽ നിന്ന് വാടക തുക അനുവദിക്കുന്നതിന് സർക്കാർ ഉത്തരവ് നം. 15/2017/ത.സ്വ.ഭ.വ. 16.01.2017 പ്രകാരം മുനിസിപ്പാലിറ്റി / കോർപ്പറേഷനുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ 21/04/22 തീയതിയിലെ 5 ആം നമ്പർ തീരുമാനപ്രകാരം നഗരസഭ സെക്രട്ടറിയുടെ HRA + Basic Pay യുടെ 2% കഴിച്ചുള്ള തുക നഗരസഭ തനത്ഫണ്ടിൽ നിന്നും പ്രതിമാസം ഫ്ലാറ്റ് വാടകയിനത്തിൽ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ 2024-25 സാമ്പത്തിക വർഷം ഫ്ലാറ്റിന്റെ വാടകതുക കണക്കാക്കിയതിൽ സെക്രട്ടറിയുടെ HRA തുക മാത്രം കുറവ് ചെയ്താണ് വാടക തുക നൽകിയിരിക്കുന്നത്. ഫ്ലാറ്റ് വാടക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| A | B | C | D | E | F |
|---|---|---|---|---|---|
| അടിസ്ഥാന ശമ്പളം | അർഹമായ വീട്ടുവാടക ബത്ത + 2% അടിസ്ഥാന ശമ്പളം | ഫ്ലാറ്റ് വാടക (രൂ.) | ഫ്ലാറ്റ് വാടകയിനത്തിൽ നൽകേണ്ടിയിരുന്ന തുക (രൂ.) | നൽകിയ തുക (രൂ.) | അധികമായി നൽകിയ തുക (രൂ.) **[E-D]** |
| 3/24 മുതൽ 10/24 വരെ | 4200+1400=5600 | 9500 | (9500-5600 = 3900/ Month)<br>3900x8 = 31200 | (5300/ Month)<br>5300x8 = 42400 | 11200 |
| 11/24 മുതൽ 2/25 വരെ | 4308+1436=5744 | 9500 | (9500-5744=3756/ Month)<br>3756x4 = 15024 | (5100/ Month)<br>(5100x4) = 20400 | 5376 |
| | | | | ആകെ | **16576/-** രൂപ |

വാടകയിനത്തിൽ 16,576/- രൂപ അധികം നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി മുനിസിപ്പാലിറ്റി ഫണ്ടിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-47 പെൻഷൻ ഫണ്ട് അവലോകനം

വർക്കല നഗരസഭയിലെ റഗുലർ സർവീസ് പെൻഷൻ/ കുടുംബ പെൻഷൻ, കണ്ടിജന്റ് പെൻഷൻ/ കുടുംബ പെൻഷൻ കൈപ്പറ്റുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു.

| സർവീസ് പെൻഷൻ വാങ്ങുന്നവരുടെ എണ്ണം | | 2024-25 വർഷം നൽകിയ തുക | കണ്ടിജന്റ് പെൻഷൻ വാങ്ങുന്നവരുടെ എണ്ണം | | 2024-25 വർഷം നൽകിയ തുക |
|---|---|---|---|---|---|
| പെൻഷൻ | കുടുംബപെൻഷൻ | 3555805* | പെൻഷൻ | കുടുംബപെൻഷൻ | 3916275 |
| 12 | 04 | | 12 | 06 | |

*വാർഷിക ധനകാര്യപത്രിക I10 ഷെഡ്യൂൾ പ്രകാരം സർവ്വീസ് പെൻഷൻ ഇനത്തിൽ ആകെ നൽകിയ തുക 38,53,008/- രൂപയായും ഓഡിറ്റ് അന്വേഷണങ്ങളിൽ മറുപടിയായി ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 35,55,805/- രൂപയായും രേഖപ്പെടുത്തിയിരിക്കുന്നു. വ്യത്യാസത്തിന് കാരണം വ്യക്തമല്ല.

പെൻഷൻ കൈപ്പറ്റുന്നവരുടെ ആധാറിന്റെ പകർപ്പ് ശേഖരിച്ച് ഡേറ്റാബേസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി മറുപടി ലഭ്യമാക്കി. മുനിസിപ്പൽ പെൻഷൻ ഫണ്ടിനായി പ്രത്യേകം ബാങ്ക് അക്കൗണ്ട്/ ട്രഷറി അക്കൗണ്ട് സൂക്ഷിച്ചിട്ടുണ്ടോ എന്നും ഏത് ഫണ്ടിൽ നിന്നാണ് പെൻഷൻ അനുവദിക്കുന്നതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. നഗരസഭയിൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന വെരിഫിക്കേഷൻ റിപ്പോർട്ടിലെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന പെൻഷൻ രജിസ്റ്റർ, ലൈഫ് സർട്ടിഫിക്കറ്റ് രജിസ്റ്റർ എന്നിവയും പരിശോധനയ്ക്ക്

ലഭ്യമാക്കിയില്ല.

**(അവലംബം : ഓഡിറ്റ് എൻക്വയറി നമ്പർ 24/10.03.2026 ന്റെ മറുപടി)**

## 1-48 ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്കുവരുത്തിയ തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 148/25 |
| പ്രോജക്ടിന്റെ പേര് | വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം |
| അടങ്കൽ തുക | 4,00,000/- |
| ചെലവ് തുക | 3,99,997/- |
| ഫണ്ട് | ധനകാര്യ കമ്മീഷൻ അവാർഡ് |
| ബിൽ നം. | 532/14.03.25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

വൃക്ക രോഗികൾക്ക് ഡയാലിസിസിന് ഒര് രോഗിക്ക് 30,769/- രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയിൽ ശിവഗിരി ശ്രീനാരായണ മെഡിക്കൽ മിഷൻ ഹോസ്പിറ്റലിന് 11 പേർക്ക് 3,38,459/- രൂപ, ട്രാവൻകൂർ മെഡിക്കൽ കോളേജിന് ഒരാൾക്ക് 30,769/- രൂപ, എൻ.എസ് ഹോസ്പിറ്റലിന് ഒരാൾക്ക് 30,769/- രൂപ ഉൾപ്പടെ ആകെ 3,99,997/- രൂപ ബിൽ നം. 532/14.03.25 പ്രകാരം നൽകിയിട്ടുണ്ട്. ഇതിൽ ശിവഗിരി ശ്രീനാരായണ മെഡിക്കൽ മിഷൻ ഹോസ്പിറ്റലിന് നൽകിയ തുകയിൽ ഒര് രോഗി ചികിത്സയ്ക്ക് മുൻപേയും, ഒരാൾ ചികിത്സയിലിരിക്കവേയും മരണപെട്ടതിനാൽ അവർക്കായി നൽകിയ തുകയിൽ ചെലവ് വരാത്ത 46,138/- രൂപ തിരികെ HMC യുടെ അകൗണ്ടിലേയ്ക്ക് ചെക്ക് നം. 10568305 ൽ 21.11.25 ൽ തിരികെ ഒടുക്ക് വരുത്തിയിട്ടുണ്ട്. ഈ തുക തിരികെ മുനിസിപാലിറ്റിയുടെ അകൗണ്ടിലേയ്ക്ക് ഒടുക്ക് വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 31/10.03.2026 ന് HMC യുടെ അകൗണ്ടിലേയ്ക്ക് തിരികെ ഒടുക്ക് വരുത്തിയതുക ഈ വർഷത്തെ പ്രോജക്ട് നം. 35/2025 ലെ ഗുണഭോക്താക്കൾക്ക് ഡയാലിസിസ് ധനസഹായം നൽകുവാൻ മുൻസിപ്പൽ കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയത്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-49 എക്സ്റേ യൂണിറ്റ് മെഷീൻ വാങ്ങുന്നതിനായി തുക നൽകിയിട്ട് ഒര് വർഷമായിട്ടും മെഷീൻ ലഭ്യമായിട്ടില്ല. ചെലവ് തുക 15,00,000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 275/25 |
| പ്രോജക്ടിന്റെ പേര് | എക്സ്റേ യൂണിറ്റ് രണ്ടാം ഘട്ട ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ തുക | 15,00,000/- |
| ചെലവ് തുക | 15,00,000/- |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട്(റോഡിതരം) |
| ബിൽ നം. | 506/07.03.25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) |

പ്രസ്തുത പദ്ധതിയിൽ എക്സ്റേ യൂണിറ്റിനായി Single Loaded CR Machine വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് പെർഫോർമ ഇൻവോയ്സ് നം. 119/24-25 പ്രകാരം ബിൽ നം. 506/07.03.25 ൽ 15,00,000/- രൂപ നൽകിയിട്ടുണ്ട്. പരിശോധനയിൽ ഈ മെഷീൻ ഇതുവരെയും ലഭ്യമായിട്ടില്ലയെന്ന് കണ്ടു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.36/11.03.26 ന് ഉപകരണം ഇതുവരെയും ലഭ്യമാക്കിയിട്ടില്ലെന്നും ഉപകരണം ഉടൻ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കത്തുകൾ നൽകിയിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്. തുക നൽകി ഒരു വർഷമായിട്ടും മെഷീൻ ലഭിക്കാത്തതിനാൽ ചെലവ് തുക 15,00,000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. മെഷീൻ അടിയന്തിരമായി ലഭ്യമാക്കി രോഗികൾക്ക് ഉപകാരപ്രദമാകുവിധം സ്ഥാപിച്ച് പ്രവർത്തിപ്പിക്കേണ്ടതും, വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-50 ഹെൽത്ത് ഗ്രാന്റ് വിനിയോഗം

ഹെൽത്ത് ഗ്രാന്റിന്റെ നാളിതുവരെയുള്ള വിനിയോഗം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല

(02/06.03.2026). ആയതിനാൽ സ്കീം അടിസ്ഥാനത്തിൽ 2021-22 മുതൽ ലഭിച്ച തുകയും ചെലവഴിച്ച തുകയും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1) 2024-25 വർഷം ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ProjNo | ProjectName | Sector | ProjType | ImplOfficer | Total (₹) |
|---|---|---|---|---|---|
| 407 | ഫീൽഡ് തല ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ | സേവനം | പൊതുവിഭാഗം | മെഡിക്കൽ ഓഫീസർ(താലൂക്ക് ആശുപത്രി) | 600820 |
| 373 | താലൂക്ക് ആശുപത്രിയിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തലും മെച്ചപ്പെടുത്തലും. | സേവനം | പൊതുവിഭാഗം | മെഡിക്കൽ ഓഫീസർ(താലൂക്ക് ആശുപത്രി) | 1300331 |

ഹെൽത്ത് ഗ്രാന്റ് വിവരങ്ങൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ഖണ്ഡിക 1-1ൽ ഉപഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വരവ്തുകകൾ പൂർണമായി ഒടുക്കാത്തതിനാൽ നഗരസഭാഫണ്ടിന് 39,426/- രൂപയുടെ നഷ്ടം

നഗരസഭയിൽ ഡേ ബുക്ക് പ്രകാരം വരവു വന്ന തുകകൾ രണ്ട് ബാങ്ക് അക്കൌണ്ടുകളിലാണ് ഒടുക്കിയിട്ടുള്ളത്. 2016ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലെ ചട്ടം 15(ഇ) പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചുകൊണ്ട് നഗരസഭ പുറത്തിറക്കിയ 28.10.2022ൽ കൌൺസിൽ അംഗീകരിച്ച ബൈലോ (സമഗ്ര മാലിന്യ പരിപാലന നിയമാവലി) യുടെ അടിസ്ഥാനത്തിൽ ജൈവമാലിന്യം കളക്ട് ചെയ്യുന്നതിന് നഗരസഭ ഗുണഭോക്താക്കളിൽ നിന്ന് സ്വീകരിക്കുന്ന യൂസർ ഫീ തുകകൾ ഇൻഡ്യൻ ഓവർസീസ് ബാങ്കിലെ -032101000031349 – നമ്പർ അക്കൌണ്ടിലാണ് ഒടുക്കുന്നത്. ശേഷിക്കുന്ന തനത് ഫണ്ട് വരവുകൾ കാനറാ ബാങ്കിലെ - 1988101018200 നമ്പർ അക്കൌണ്ടിലും ആണ് അടച്ചുവരുന്നത്.കെ- സ്മാർട്ട് സോഫ്റ്റ് വെയറിലെ ഡേ ബുക്ക് പ്രകാരം വരവ് വന്ന തുകകൾ ബാങ്ക് അക്കൌണ്ടിൽ ഒടുക്കിയതിന്റെ പരിശോധനയിൽ താഴെ പറയുന്ന തീയതികളിൽ വരവ് വന്ന തുക പൂർണമായി അക്കൌണ്ടിൽ ഒടുക്കിയിട്ടില്ല എന്ന് കാണുന്നു.

| തീയതി | ഡേ ബുക്ക് പ്രകാരമുള്ള വരവ് തുക / തീയതി | കാനറാ ബാങ്ക് -1988101018200 അക്കൌണ്ടിൽ ഒടുക്കിയ തുക | IOB -032101000031349 - അക്കൌണ്ടിൽ ഒടുക്കിയ തുക | ആകെ ഒടുക്കിയ തുക | കുറവ് |
|---|---|---|---|---|---|
| 15.7.2024 | 41888/-രൂപ. | 30854/- (17.7.2024 ൽ അക്കൌണ്ടിൽ ക്രെഡിറ്റ് ആയി) | - | 30854/- | 11034/- |
| 24.7.2024 | 145402/-രൂപ | 94010/- (25.7.2024ൽ അക്കൌണ്ടിൽ ക്രെഡിറ്റ് ആയി) | 23000/- (25.7.2024ൽ അക്കൌണ്ടിൽ ക്രെഡിറ്റ് ആയി) | 117010/- | 28392/- |
| | | | | | ആകെ= 39426/- |

മേൽപ്പറഞ്ഞ അപാകത സംബന്ധിച്ച് 13.3.2026ലെ 47ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് മറുപടി ലഭ്യമാക്കിയില്ല. ഒടുക്കിയതിൽ കുറവ് വന്ന തുക 39,426/- രൂപ ഈടാക്കി നഗരസഭാഫണ്ടിൽ ഒടുക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 നഗരസഭ സെക്രട്ടറിക്ക് ഫ്ലാറ്റ് വാടകയിനത്തിൽ അധികമായി നൽകിയ 16,576/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു .

സ്വന്തമായി ക്വാർട്ടേഴ്സുകൾ ലഭ്യമല്ലാത്ത മുനിസിപ്പാലിറ്റി / കോർപ്പറേഷനുകളിലെ സെക്രട്ടറിമാർക്ക് വാടകയ്ക്ക് ക്വാർട്ടേഴ്സുകൾ ലഭ്യമാകുമ്പോൾ തനത് ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് തനത് ഫണ്ടിൽ നിന്ന് വാടക തുക അനുവദിക്കുന്നതിന് സർക്കാർ ഉത്തരവ് നം. 15/2017/ത.സ്വ.ഭ.വ. 16.01.2017 പ്രകാരം മുനിസിപ്പാലിറ്റി / കോർപ്പറേഷനുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ 21/04/22 തീയതിയിലെ 5 ആം നമ്പർ തീരുമാനപ്രകാരം നഗരസഭ സെക്രട്ടറിയുടെ HRA + Basic Pay യുടെ 2% കഴിച്ചുള്ള തുക നഗരസഭ തനത്ഫണ്ടിൽ നിന്നും പ്രതിമാസം ഫ്ലാറ്റ് വാടകയിനത്തിൽ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ 2024-25 സാമ്പത്തിക വർഷം ഫ്ലാറ്റിന്റെ വാടകതുക കണക്കാക്കിയതിൽ സെക്രട്ടറിയുടെ HRA തുക മാത്രം കുറവു ചെയ്താണ് വാടക തുക നൽകിയിരിക്കുന്നത്. ഫ്ലാറ്റ് വാടക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| A | B | C | D | E | F |
|---|---|---|---|---|---|
| അടിസ്ഥാന ശമ്പളം | അർഹമായ വീട്ടുവാടക ബത്ത + 2% അടിസ്ഥാന ശമ്പളം | ഫ്ലാറ്റ് വാടക (രൂ.) | ഫ്ലാറ്റ് വാടകയിനത്തിൽ നൽകേണ്ടിയിരുന്ന തുക (രൂ.) | നൽകിയ തുക (രൂ.) | അധികമായി നൽകിയ തുക (രൂ.) **[E-D]** |
| 3/24 മുതൽ 10/24 വരെ | 4200+1400=5600 | 9500 | (9500-5600 = 3900/ Month) 3900x8 = 31200 | (5300/ Month) 5300x8 = 42400 | 11200 |
| 11/24 മുതൽ 2/25 വരെ | 4308+1436=5744 | 9500 | (9500-5744=3756/ Month) 3756x4 = 15024 | (5100/ Month) (5100x4) = 20400 | 5376 |
| | | | | ആകെ | **16576/-** രൂപ |

വാടകയിനത്തിൽ 16,576/- രൂപ അധികം നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി മുനിസിപ്പാലിറ്റി ഫണ്ടിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ്

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 540 | 2,70,000 | 2,70,000 | 0 | - |

*31-3-2024 മുമ്പ് സേവനത്തിൽ പ്രവേശിച്ചിട്ടുള്ളവരുടേത് മാത്രം.

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ | മെഡിസെപ് പ്രീമിയം | ഒടുക്കാൻ ബാക്കി | റിമാർക്സ് |
|---|---|---|---|---|---|

| | മാസം | അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | ഇനത്തിൽ ഒടുക്കിയ തുക | നിൽക്കുന്ന തുക | |
|---|---|---|---|---|---|
| 1 | 5/2024 | 5,500 | 5,500 | 0 | |

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 മുതൽ 31-07-2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| Nil | Nil | Nil | Nil | Nil |

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 8/24 | 4,000 | 4,000 | 0 | Nil |
| 2 | 2/25 | 1,000 | 1,000 | 0 | Nil |

ലഭ്യമായ മറുപടി പ്രകാരം ആകെ 2,80,500/- രൂപയാണ് മെഡിസെപ്പ് ഇനത്തിൽ 2024-25 സാമ്പത്തിക വർഷം ഒടുക്കിയിട്ടുള്ളത്. എന്നാൽ പ്രസ്തുത തുക 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

(അവലംബം – ഓഡിറ്റ് അന്വേഷണം നം. 05/06.03.2026 ലഭ്യമായ മറുപടി)

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

ഇല്ല

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | 2024-25 | | | | |
|---|---|---|---|---|---|---|
| | | പ്രോജക്ട് നം, പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ആകെ തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | ബാക്കി തുക |
| കെ.എസ്.ഇ.ബി | **90,71,247** | 213/25 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 6,12,996 | **6,12,996** | **0** | **1,27,06,712** |
| | | 368/25 വർക്കല നഗരസഭയിലെ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 13,95,326 | **13,95,326** | **0** | |
| കേരള വാട്ടർ അതോറിറ്റി | | 207/25 അമൃത് പദ്ധതി നഗരസഭാവിഹിതം ഒടുക്കൽ | 16,27,143 | **16,27,143** | **0** | |

അപാകം 1-1 ലെ ഉപഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക (2023-24 ബാലൻസ് ഷീറ്റ്) | തൻവർഷം ലഭിച്ച തുക (2024-25 റസീപ്റ്റ് & പേയ്മെന്റ്) | ആകെ | തിരിച്ചടച്ച തുക (2024-25 AFS) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| HUDCO | 2,00,00,000 | 0 | 2,00,00,000 | 20,00,000 | 1,80,00,000 |

## 4-6 സ്ഥിരനിക്ഷേപങ്ങളുടെ വിവരം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.7 | 2016-17 | 4.9.1(1) | ലേല നടപടികളിലെ വീഴ്ച | പരിഹരിച്ചു വരുന്നു |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 10,27,55,814/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 19,12,36,359/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 19,83,01,837/- |
| നീക്കിയിരിപ്പ് | 9,56,90,336/- |
| വരവിനങ്ങളിലെ നഷ്ടം | 39,426/- |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16,576/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,13,15,886/- |

(ബി) മുനിസിപ്പാലിറ്റി ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം(വരവ്)

| ഖണ്ഡിക നം. | തുക (രൂ.) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 39,426/- | ശ്രീ. മൻമഥൻ പി.സി., സെക്രട്ടറി ഇൻ-ചാർജ് |
| ആകെ | **39,426/-** | |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 10,703/- | ശ്രീമതി റീന എ, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-24 | 39,999/- | ശ്രീമതി റീന എ, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-25 | 3,13,524/- | ശ്രീമതി കൃഷ്ണകുമാരി എ, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |

| | | |
|---|---|---|
| 1-27 | 1,20,000/- | ശ്രീ. ബൈജു എസ്, വെറ്ററിനറി സർജൻ |
| 1-28 | 6,62,417/- | ശ്രീ. സന്തോഷ് കുമാർ കെ.വി, മുനിസിപ്പൽ എഞ്ചിനീയർ |
| 1-29 | 47,00,000/- | ശ്രീ. സന്തോഷ് കുമാർ കെ.വി,മുനിസിപ്പൽ എഞ്ചിനീയർ |
| 1-37 | 2,00,000/- | ശ്രീ. ഡി.വി. സനൽകുമാർ, സെക്രട്ടറി |
| 1-39 | 20,08,322/- | ശ്രീ. ഡി.വി. സനൽകുമാർ, സെക്രട്ടറി |
| 1-41 | 13,65,498/- | ശ്രീ. ഡി.വി. സനൽകുമാർ, സെക്രട്ടറി |
| 1-42 | 3,95,423/- | ശ്രീ. ഡി.വി. സനൽകുമാർ, സെക്രട്ടറി |
| 1-49 | 15,00,000/- | ഡോ. അനിൽ വി, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |
| ആകെ | 1,13,15,886/- | |

ബി)

ചെലവിനങ്ങളിലെ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 16,576/- | ഡി.വി സനൽകുമാർ, സെക്രട്ടറി<br>അനുഗ്രഹ, വലിയവിളപ്പുറം,<br>ഒറ്റശേഖരമംഗലം പി.ഒ,<br>തിരുവനന്തപുരം ജില്ല- 695125 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി റീന എ.,<br>ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | വർക്കല | പടോപിൽ,<br>വെൺകുളങ്ങര നഗർ,<br>കാവനാട് |
| ശ്രീമതി കൃഷ്ണകുമാരി എ.,<br>ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | ജില്ലാ ഓഫീസ് കോട്ടയം | കൃഷ്ണ വിലാസം,<br>പേരൂർ.പി.ഒ,<br>കിളിമാനൂർ, തിരുവനന്തപുരം |
| ഡോ. അനിൽ വി, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | താലൂക്ക് ആശുപത്രി, വർക്കല | ധ്വനി, മുണ്ടയിൽ,<br>വർക്കല-695141 |
| ശ്രീ. സന്തോഷ് കുമാർ കെ.വി,<br>മുനിസിപ്പൽ എഞ്ചീനിയർ | വർക്കല മുനിസിപ്പാലിറ്റി | A91 ദേവദാരു, കെ.കെ.വി നഗർ,<br>സിസ്റ്റ് സ്റ്റോൺ, കരകുളം.പി.ഒ,<br>തിരുവനന്തപുരം |
| ശ്രീ. ബൈജു എസ്,<br>വെറ്ററിനറി സർജൻ | വെറ്ററിനറി ഡിസ്പെൻസറി, ചാത്തന്നൂർ | നന്ദനം, ചെമ്പഴന്തി പി.ഒ.,<br>തിരുവനന്തപുരം-695587 |
| ശ്രീ. സനൽകുമാർ ഡി.വി.,<br>സെക്രട്ടറി | വർക്കല മുനിസിപ്പാലിറ്റി | അനുഗ്രഹ, വലിയവിളപ്പുരം,<br>ഒറ്റശേഖരമംഗലം പി.ഒ. |
| ശ്രീ. മൻമഥൻ പി.സി.,<br>മുനിസിപ്പൽ എഞ്ചിനീയർ | വർക്കല മുനിസിപ്പാലിറ്റി | നവമാലിക,<br>കാരംകോട് പി.ഒ., ചാത്തന്നൂർ |

(സെക്രട്ടറി ഇൻ-ചാർജ്)

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.റ്റി.ഡി./4/562/2001 തീയതി. 17.12.2001 | 26 |
| 1996-97 | എൽ.എഫ്.റ്റി.ഡി./4/556/2000 തീയതി. 31.01.2001 | 13 |
| 1996-97 | എൽ.എഫ്.റ്റി.ഡി.എം.എൽ. തീയതി. 27.09.2007 | 50 |
| 1997-98 | എൽ.എഫ്.റ്റി.ഡി./4/858/2000 തീയതി. 31.01.2001 | 12 |
| 1997-98 | എൽ.എഫ്.റ്റി.ഡി.എം.എൽ./87/2007 തീയതി. 26.09.2007 | 8 |
| 1995-96 | എൽ.എഫ്.റ്റി.ഡി.എം.എൽ./4/4562/2005 തീയതി. 17.12.2001 | 15 |
| 2001-02 | എൽ.എഫ്.റ്റി.ഡി.എം.എൽ./1634/06 തീയതി. 19.04.2007 | 41 |
| 2002-03 | എൽ.എഫ്.റ്റി.ഡി.എം.എൽ./327/08 തീയതി. 20.06.2008 | 45 |
| 2003-04 | എൽ.എഫ്.റ്റി.ഡി.എം.എൽ./564/08 തീയതി. 19.01.2009 | 35 |
| 2004-05 | എൽ.എഫ്.റ്റി.ഡി.എം.എൽ./565/08 തീയതി. 19.01.2009 | 25 |
| 2005-06 | എൽ.എഫ്.റ്റി.ഡി.എം.എൽ./1347/07 തീയതി. 17.03.2010 | 20 |
| 2006-07 | എൽ.എഫ്.റ്റി.ഡി.എം.എൽ./1375/07 തീയതി. 17.03.2010 | 30 |
| 2007-08 | എൽ.എഫ്.റ്റി.ഡി.എം.എൽ./673/11 തീയതി. 26.12.11 | 23 |
| 2008-09 | എൽ.എഫ്.റ്റി.ഡി.എം.എൽ./674/11 തീയതി. 26.12.11 | 43 |
| 2009-10 | എൽ.എഫ്.എ.ഡി.റ്റി.വി.എം.എൽ/1698/12 തീയതി. 18.03.2013 | 36 |
| 2010-11 | എൽ.എഫ്.എ.ഡി.റ്റി.വി.എം.എൽ/593/13 തീയതി. 24.06.2013 | 27 |
| 2011-12 | എൽ.എഫ്.എ.ഡി.റ്റി.വി.എം.എൽ/1794/13 തീയതി. 21.01.2014 | 25 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/1491/2015 തീയതി. 08.10.2018 | 19 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/111/17 തീയതി. 29.02.2018 | 30 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/1941/16 തീയതി. 31.12.2021 | 29 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/4/2017(1) തീയതി. 16.04.2016 | 32 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/1850/17 തീയതി. 25.01.2018 | 35 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/2967/18 തീയതി. 12.03.2019 | 55 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/2070/19 തീയതി. 03.03.2021 | 45 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/എം.എൽ/221/2022 തീയതി. 21.03.2022 | 108 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/എം.എൽ/1268/2022 തീയതി. 02.08.2022 | 65 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/എം.എൽ/636/2023 തീയതി. 22.05.2023 | 72 |
| 2022-23 | കെ.എസ്.എ.റ്റി.വി.എം./എം.എൽ.122/2024 തീയതി. 07.05.2024 | 79 |
| 2023-24 | കെ.എസ്.എ.റ്റി.വി.എം./എം.എൽ./241/2025 തീയതി. 27.03.2025 | 102 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 29-11-2025 and submitted on 30-11-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Varkala Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Varkala Municipality as on 31-03-2025

**Date: 30/03/2026** **Joint Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Varkala Municipality for the Year 2024-2025.

### 1.Major Observations

As per the Annual Financial Statement, for 2024-25 there are 24 Treasury/Bank accounts as opening balance and 31 Treasury/Bank accounts as closing balance. The detailed reconciliation report of the bank accounts reconciling the differences between the balances as per the bank book and the bank statement at the monthly as well as year-end, including details such as cheques issued but not presented to the bank, cheques deposited but not cleared, etc., has not been made available in the reconciliation report in K-SMART.

Since such a detailed report is not available in the reconciliation module of K-SMART, it was not possible to verify the accuracy of the balances in the various bank accounts. The details of uncashed cheques (cheques issued but not presented to the bank, cheques deposited but not cleared, etc.) in the various accounts could also not be verified in audit.

Further, the details of 37 Treasury/Bank accounts which were included in the Annual Financial Statement for the year 2023-24 have not been included in the Annual Financial Statement for the year 2024-25.

## 2.Other Observations

1. During the financial year 2024-25, expenditure exceeded income. As per the Income and Expenditure Statement of the Annual Financial Statement (AFS) for 2024-25, the income is Rs.32,13,15,145/- and the expenditure is Rs.34,89,36,257/-, resulting in a Gross Deficit of Income over Expenditure of Rs.2,76,21,112/-.

2. All statements required to be submitted as annexures to the Annual Financial Statement as per Rule 58 of the Kerala Municipal Accounts Rules, 2007 have not been included. For example, ratios, notes on accounts, etc., have not been furnished for audit.

3. As per the Balance Sheet for 2023-24, Schedule B-1 Municipal (General), the Municipal General Fund as on 31-03-2024 was Rs.1,04,37,565.51/-. However, as per the Balance Sheet for 2024-25, Schedule B-1 Municipal (General), the General Fund as on 31-03-2025 is shown as (-) 37,464,904.

Further, the Excess of Income over Expenditure as per the Balance Sheet for 2023-24 is Rs.(-)3,23,86,438.91/- and the Gross Surplus of Income over Expenditure after prior period adjustments for 2024-25 is Rs.(-)3,07,69,132/-. Accordingly, the closing balance of Excess of Income over Expenditure to be carried forward should be (-) Rs.6,31,55,570.91/-. However, the Balance Sheet shows the amount as Rs.(-)1,95,39,538/-.

4. On verification of the AUEGS Cash Book and Annual Financial Statement, it was observed that advances granted from the Own Fund to AUEGS amounting to Rs.3,17,78,050/- in 2023-24 and Rs.42,11,706/- in 2024-25 have been wrongly accounted as Establishment Expenditure (Wages) in the Annual Financial Statement.

Further, the advance amount adjusted during 2024-25 has also been wrongly accounted as income under Head Code 1808004 Receipts on Excess Payments.

5. As per the Balance Sheet for 2024-25, the total amount receivable under Property Tax (current+Arrears) is Rs. Rs.2,61,28,720/-. The Library Cess at 5% on Property Tax works out to Rs.12,44,225/-. However, the Balance Sheet shows Rs.26,70,417/- under the head State Government Cesses/Levies in Property Taxes Control Account Library Cess.

6. As per Rule 15(2) of the Kerala Municipality Accounts Rules, 2007, the Secretary shall prepare a monthly summary of demands and adjustments relating to accrual of income in the Municipality and record the monthly demand through journal entries. However, such monthly demand entries have not been recorded.

7. The arrear demand, collection and closing balance of the following items as per the Annual Financial Statement do not agree with the worked out actual balance.

| Item | Arrear Demand (as per 2023-24 Balance Sheet) | Collection (as per 2024-25 AFS) | Balance | Balance as per 2024-25 Balance Sheet |
|---|---|---|---|---|
| Rent Receivable from Buildings | 52,16,587 | 1,00,031 | 51,16,556 | 19,30,205 |
| Profession Tax Institutions/Traders | 17,20,002 | 9,58,255 | 7,61,747 | 5,82,550 |

The differences have been adjusted under Head Code 2801001 Prior Period Income. It has been stated that the discrepancy arose due to reconciliation with arrear registers through purification based on Government orders. However, supporting documents and Municipal Council resolution validating the purification have not been produced for audit.

8. The HUDCO loan repayment (source deduction by government) amounting to Rs.20,00,000/- during 2024-25 has been accounted under Head Code 3121001 Capital Contribution instead of being classified as Revenue Expenditure.

9. The opening balance of Rs.12,500/- under Head Code 3502005 Recoveries Payable Loan Recovery has not been settled during 2024-25. It has been reported that the amount was remitted but not adjusted under the relevant head.

10. An amount of Rs.20,00,000/- has been shown as balance under Equity Shares / Special Funds in Schedule B-13 of the Annual Financial Statement. However, supporting documents to verify the correctness of the amount have not been produced for audit.

11. An amount of Rs.53,605/- is outstanding under Head Code 3508001 Liability in respect of Stale Cheque from 01-04-2023 onwards. Item-wise details of this amount are not available in the KSMART ledger.

12. Amounts disbursed to beneficiaries from loan funds have not been recorded under Prepaid Programme Expense in Schedule B-16 of the Balance Sheet. Hence, the details of the total amount disbursed under loan schemes and the balance pending adjustment are not available in the Annual Financial Statement.

13. An amount of Rs.1,01,15,203/- has been recorded as asset under Head Code 4108001 Other Fixed Assets in the Balance Sheet. However, the Accumulated Depreciation shown under the same head is Rs.2,22,38,484/-, which exceeds the value of the asset.

14. As per the Sevana DBT Statement, the expenditure under the Indira Gandhi National Old Age Pension Scheme during 2024-25 is Rs.5,56,61,000/-. However, the Income and Expenditure Statement (Schedules I-6 and I-14(d)) shows only Rs.55,66,100/- as receipts/expenditure under this item.

15. An amount of Rs.1,49,54,827/- shown as Capital Work in Progress in the Balance Sheet for previous year (2023-24) has been adjusted during 2024-25. However, project-wise details relating to this adjustment have not been furnished for audit.

16. As per the Sulekha expenditure statement, an amount of Rs.17,69,038/- was spent during 2024-25 under the Supplementary Nutrition Programme (Project No. 4/2025) from Centrally Sponsored Funds. However, the Annual Financial Statement shows only Rs.16,76,304/- as expenditure under Head Code 3201020.

17. During 2024-25, the expenditure incurred under various projects from Beneficiary Contribution has not been adjusted under Head Code 3208010 Beneficiary Contribution. For example, Rs.8,36,000/- spent under a project implemented by the Agriculture Officer has not been accounted under the said head.

18. An amount of Rs.2,78,376.21 which was available in the Indian Overseas Bank (Pipe Connection) Account (A/c No. 032102000000149) was withdrawn on 16-03-2024 under the description CAA Unclaimed B, resulting in zero balance. Supporting documents validating this withdrawal have not been produced for audit. The reply furnished states that the amount was directly withdrawn by the bank due to of the account being inactive.

19. The receipts and payments relating to Ayyankali Urban Employment Guarantee Scheme have not been incorporated in the Annual Financial Statement. As per the AUEGS Cash Book: the said account shows
Opening Balance Rs.20,367/-
Receipts Rs.4,17,98,469/-
Expenditure Rs.4,17,97,720/- &
Closing Balance Rs.21,116/-.

20. An amount of Rs.2,36,90,522/- has been booked as expenditure during the year under Head Code 3201037 AMRUT (Atal Mission for Rejuvenation and Urban Transformation) from Centrally Sponsored Funds. However, as per the Sulekha expenditure statement, no expenditure has been booked under this scheme.

Further, as per the AMRUT project bill register, the amount deposited with the Kerala Water Authority up to 2024-25, for which Utilisation Certificate is pending, is Rs.4,88,22,379/-. However, this amount has not been reflected in the Balance Sheet for

2024-25.

21. An expenditure of 9,425,000 has been recorded during the year under Head Code 3201011 Prime Ministers Awas Yojana (PMAY) General. However, the Sulekha expenditure statement does not contain the details of the projects or the expenditure incurred.

22. The Deposit Registers relating to various loan receipts and deposit works have not been produced for verification. Further, the Advance Register does not contain details of the amounts sanctioned, adjusted and outstanding under each head of account. Hence, the correctness of the advance pending adjustment (Agencies, Officials and Other Advances) shown in the Annual Financial Statement could not be verified in audit.

23. As per the Balance Sheet of the Annual Financial Statement for previous year (2023-24), the amount payable to the Central Pension Fund as on the end of that financial year was Rs.21,436,146 under Head Code 3501106 and the amount receivable was Rs.3,92,98,555 under Head Code 4315099. The same amount have been carried forward unchanged in the Balance Sheet for 2024-25 also. Supporting records to substantiate these balances have not been produced for audit.

24. The expenditure figures as per the Annual Financial Statement and the Grant Statement in respect of the following funds do not match with each other.

| Fund | Expenditure as per AFS (Revenue Expenditure + Capital Contribution) | Grant Statement |
|---|---|---|
| Development Fund General | 5,35,55,280 (4,14,41,723 + 1,21,13,557) | 5,91,46,880 |
| CFC Tied | 2,11,58,858 (98,22,354 + 1,08,89,289 + 4,47,215) | 2,06,05,547 |
| CFC Untied | 2,95,83,488 | 3,61,53,344 |

25. During 2024-25, an expenditure of 4,286,436 has been incurred under Head Code 2103009 Pension Contingent Employees. However, this amount has not been included as expenditure in the Income and Expenditure Schedule.

26. As per the Health Grant ACR, the total expenditure during 2024-25 is Rs.62,67,190/-. However, as per the Annual Financial Statement, the total expenditure is Rs.61,89,087/- (13,00,331 + 48,88,756).

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വർക്കല മുൻസിപ്പാലിറ്റിയുടെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്